കേരളപാഠാവലി

# മലയാളം

## ഭാഗം 1

സ്റ്റാൻഡേർഡ്

X

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം

2019

NT-251-1-MALAYALAM-10-AT-VOL.1

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.

website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
Printed at : KBPS, Kakkanad, Kochi-30

പ്രിയ വിദ്യാർഥികളേ,

ഒരു ജനതയ്ക്ക് കരുത്തും ആത്മവിശ്വാസവും നൽകുന്നതിൽ മാതൃഭാഷയ്ക്ക് നിർണായകമായ പങ്കുണ്ട്. മലയാളം നമ്മുടെ അഭിമാനവും സ്വത്വത്തിന്റെ അടയാളവുമാണ്. മഹത്തായ ഒരു സാഹിത്യസമ്പത്തും വിജ്ഞാനസമ്പത്തും നമ്മുടെ മാതൃഭാഷയായ മലയാളം ഉൾക്കൊള്ളുന്നു. അതിന് അവകാശികളായിത്തീരാൻ നമുക്ക് പ്രയത്നിക്കാം.

**സമഗ്ര** എന്ന വിദ്യാഭ്യാസ പോർട്ടലും സാങ്കേതികമായി ശക്തിപ്പെടുത്തിയ ക്യു.ആർ.കോഡും ക്ലാസ്റൂം പഠനപ്രവർത്തനങ്ങൾ ആയാസരഹിതവും രസകരവും ആക്കിത്തീർക്കും. ദേശീയ തൊഴിൽ നൈപുണി ചട്ടക്കൂടും (എൻ.എസ്.ക്യു.എഫ്), ദുരന്ത നിവാരണമാർഗങ്ങളും ഐ.സി.ടി. സാധ്യതകളും ഈ പാഠപുസ്തകത്തിൽ പരിഗണിച്ചിട്ടുണ്ട്.

സ്വതന്ത്രമായ വായനയ്ക്കും ചിന്തയ്ക്കും സർഗാത്മകാവിഷ്കാരങ്ങൾക്കും പാഠപുസ്തകത്തിൽ ഒട്ടേറെ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്. ഭാഷയുടെ പ്രയോഗസാധ്യതകൾ മനസ്സിലാക്കാനും രചനകളിൽ ഏർപ്പെടാനുമുള്ള ധാരാളം പഠനാനുഭവങ്ങൾ ക്ലാസ്മുറികളിൽനിന്ന് നേടണം. കാലികമായ മെച്ചപ്പെടുത്തലുകളോടെ പ്രസിദ്ധീകരിക്കുന്ന ഈ പാഠപുസ്തകം പുതിയ അനുഭവങ്ങളും അനുഭൂതികളും പകരട്ടെ.

സ്നേഹാശംസകളോടെ,

**ഡോ.ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം


1 കാലാതീതം കാവ്യവിസ്മയം 05

- ലക്ഷ്മണസാന്ത്വനം .................................... 06
- ഋതുയോഗം .................................... 10
- പാവങ്ങൾ .................................... 20







2 അനുഭൂതികൾ ആവിഷ്കാരങ്ങൾ 31

- വിശ്വരൂപം .................................... 32
- പ്രിയദർശനം .................................... 40
- കടൽത്തീരത്ത് .................................... 45

# 1 കാലാതീതം കാവ്യവിസ്മയം



കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ;
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ.

കവികളുടെ ഭാഷ (സച്ചിദാനന്ദൻ)

ഈ വരികളിൽ തെളിയുന്ന ആശയങ്ങൾ ചർച്ചചെയ്യുക.



# ലക്ഷ്മണസാന്ത്വനം

ശ്രീരാമപട്ടാഭിഷേകം
മുടങ്ങിയതറിഞ്ഞ
ലക്ഷ്മണൻ അത്യധികം
കുപിതനായി.
ലക്ഷ്മണനെ
ആശ്വസിപ്പിക്കുകയാണ്
ശ്രീരാമൻ.



'വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ
നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു
മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പൊഴും
എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും
നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും
നിന്നാലസാധ്യമായില്ലൊരു കർമ്മവും
നിർണയമെങ്കിലുമൊന്നിതു കേൾക്ക നീ
ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും
വിശ്വവും നിശ്ശേഷധാന്യധനാദിയും
സത്യമെന്നാകിലേതൽപ്രയാസം തവ
യുക്ത,മതല്ലായ്കിലെന്തതിനാൽ ഫലം?
ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ.
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
ചക്ഷുഃശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു
പുത്രമിത്രാർഥകളത്രാദിസംഗമ-
മെത്രയുമൽപ്പകാലസ്ഥിതമോർക്ക നീ
പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം
ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു,
നിൽക്കുമോ യൗവനവും പുനരധ്രുവം?
സ്വപ്നസമാനം കളത്രസുഖം നൃണാ-
മൽപ്പമായുസ്സും നിരൂപിക്ക ലക്ഷ്മണ!
രാഗാദിസങ്കുലമായുള്ള സംസാര-
മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ!

* * * *

ദേഹം നിമിത്തമഹംബുദ്ധികൈക്കൊണ്ടു
മോഹംകലർന്നു ജന്തുക്കൾ നിരൂപിക്കും
ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-
ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ

ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചുപോകിലാം
വെന്തു വെണ്ണീറായ് ചമഞ്ഞുപോയീടിലാം
മണ്ണിന്നു കീഴായ് കൃമികളായ് പോകിലാം
നന്നല്ല ദേഹംനിമിത്തം മഹാമോഹം.
ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസാം
സമ്മേളനം പഞ്ചഭൂതകനിർമ്മിതം
മായാമയമായ് പരിണാമിയായോരു
കായം വികാരിയായുള്ളൊന്നിതധ്രുവം
ദേഹാഭിമാനംനിമിത്തമായുണ്ടായ
മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ
മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണ!
ദോഷങ്ങളൊക്കവേ ദേഹാഭിമാനിനാം
രോഷേണ വന്നു ഭവിക്കുന്നതോർക്ക നീ.
ദേഹോഹമെന്നുള്ള ബുദ്ധി മനുഷ്യർക്കു
മോഹമാതാവാമവിദ്യയാകുന്നതും
ദേഹമല്ലോർക്കിൽ ഞാനായതാത്മാവെന്നു
മോഹൈകഹന്ത്രിയായുള്ളതു വിദ്യ കേൾ.
സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും
ആകയാൽ മോക്ഷാർഥിയാകിൽ വിദ്യാഭ്യാസ-
മേകാന്തചേതസാ ചെയ്ക വേണ്ടുന്നതും
തത്ര കാമക്രോധലോഭമോഹാദികൾ
ശത്രുക്കളാകുന്നതെന്നുമറിക നീ
മുക്തിക്കു വിഘ്നം വരുത്തുവാനെത്രയും
ശക്തിയുള്ളൊന്നതിൽ ക്രോധമറികെടോ.
മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ
ക്രോധമൂലം മനസ്താപമുണ്ടായ്‌വരും
ക്രോധമൂലം നൃണാം സംസാരബന്ധനം
ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം.

അധ്യാത്മരാമായണം കിളിപ്പാട്ട്
(എഴുത്തച്ഛൻ)

2NIRZE

- ക്രോധാവേശത്താൽ ലോകനാശനത്തിനൊരുങ്ങിയ ലക്ഷ്മണനെ ശ്രീരാമൻ സാന്ത്വനിപ്പിക്കുന്നതെങ്ങനെ?

- "ചക്ഷുഃശ്രവണഗളസ്ഥമാം ദർദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു."

  'കാലാഹി' - എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്?
  വരികൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

- "പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം"

  - ഈ വരികളിലെ സാദൃശ്യകല്പനകളുടെ സവിശേഷതകൾ വിവരിക്കുക.

- 'ക്രോധം പരിത്യജിക്കേണം ബുധജനം'
  - എഴുത്തച്ഛന്റെ ഈ ഉപദേശത്തിന്റെ കാലികപ്രസക്തി കണ്ടെത്തി മുഖപ്രസംഗം തയാറാക്കുക.

- • "തൊട്ടിലാട്ടും ജനനിയെ പെട്ടെന്നു
തട്ടിനീക്കി രണ്ടോമനക്കൈയുകൾ"

  • "താക്കോൽ കൊടുക്കാതരുണോദയത്തിൽ
താനേമുഴങ്ങും വലിയോരലാറം"

  • "പൊന്നണിഞ്ഞാനകൾ മുൾത്തടികൈക്കൊണ്ടു
പൊന്നിൻമലകൾ നടക്കുന്നതുപോലെ"

  കവിതാഭാഗങ്ങൾ ശ്രദ്ധിച്ചല്ലോ. പാഠഭാഗത്തെ വരികൾക്ക് സമാനമായ താളത്തിലുള്ളവ കണ്ടെത്തുക.

  കവിതയുടെ താളം ഭാവാവിഷ്കാരത്തിന് എത്രമാത്രം പര്യാപ്തമാണ്? ചർച്ചചെയ്യുക.

- "ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-
ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ
ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചുപോകിലാം
വെന്തു വെണ്ണീറായ് ചമഞ്ഞുപോയീടിലാം
മണ്ണിന്നു കീഴായ് കൃമികളായ് പോകിലാം
നന്നല്ല ദേഹംനിമിത്തം മഹാമോഹം."

  കാവ്യഭാഗം വിശകലനം ചെയ്ത് എഴുത്തച്ഛന്റെ കാവ്യഭാഷയുടെ സവിശേഷതകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.

# ഋതുയോഗം

ഭാരതീയ നാടകങ്ങളിൽ അദ്വിതീയമാണ് കാളിദാസന്റെ അഭിജ്ഞാനശാകുന്തളം. മഹാഭാരതത്തിലെ ശകുന്തളോപാഖ്യാനത്തെ ആസ്പദമാക്കി രചിച്ച ഈ കൃതി 'മലയാളശാകുന്തളം' എന്ന പേരിൽ എ.ആർ. രാജരാജവർമ്മ മലയാളത്തിലേക്കു വിവർത്തനം ചെയ്തു. പ്രസ്തുത കൃതിയിലെ ഏഴാമങ്കത്തിലെ ഒരു ഭാഗമാണ് ഇവിടെ നൽകിയിരിക്കുന്നത്.

ഹസ്തിനപുരിയിലെ രാജാവായ ദുഷ്ഷന്തൻ ഗാന്ധർവവിധിപ്രകാരം വിവാഹം ചെയ്ത ശകുന്തളയെ, ദുർവാസാവിന്റെ ശാപത്താൽ മറക്കുന്നു. കണ്വശിഷ്യരോടൊപ്പം രാജധാനിയിലെത്തിയ ഗർഭിണിയായ ശകുന്തള അപമാനിതയായി തിരിച്ചയക്കപ്പെട്ടു. പരിത്യക്തയായ അവൾ മാതാവായ മേനകയോടൊപ്പം കാശ്യപാശ്രമത്തിലേക്കു പോയി. വർഷങ്ങൾക്കുശേഷം ദേവാസുരയുദ്ധം കഴിഞ്ഞ് മടങ്ങുംവഴി ദുഷ്ഷന്തൻ കാശ്യപാശ്രമത്തിലെത്തുന്നു.

(അണിയറയിൽ)

"അരുത് ഉണ്ണീ, ചാപല്യം കാണിക്കരുത്. ജാതിസ്വഭാവം വന്നുപോകുന്നുവല്ലോ!"

രാജാവ്: (കേട്ടതായി നടിച്ച്) ഇവിടെ അവിനയം വരുന്നതല്ല. പിന്നെ ആരെയാണ് നിരോധിക്കുന്നത്? (ശബ്ദം അനുസരിച്ച് നോക്കീട്ട്) ഏതാണീ ബാലൻ? പിന്തുടരുന്ന താപസിമാരെ ഒട്ടും വകവയ്ക്കുന്നില്ല. ഇവനാകട്ടെ,

*മുലപാതി കുടിച്ചുനിൽക്കവേ*
*ഗളരോമങ്ങൾ പിടിച്ചുലച്ചിതാ*
*ബലമോടു വലിച്ചിടുന്നിതേ*
*കളിയാടാനൊരു സിംഹബാലനെ*

*(മേൽ പറഞ്ഞ പ്രകാരം ബാലനും താപസിമാരും പ്രവേശിക്കുന്നു).*

ബാലൻ : വായ് പൊളിക്കൂ.. സിംഹക്കുട്ടീ, നിന്റെ പല്ല് ഞാൻ എണ്ണട്ടെ.

ഒന്നാം താപസി : ഛീ.. ചണ്ടിത്തരം കാണിക്കരുത്. ഞങ്ങൾ മക്കളെപ്പോലെ വളർത്തുന്ന മൃഗങ്ങളെ ഉപദ്രവിക്കുന്നോ? നിന്റെ തുനിവ് കുറേ കൂടിപ്പോകുന്നു. സർവദമനൻ എന്നു മഹർഷിമാർ നിനക്കു പേരിട്ടതു ശരിതന്നെ.

രാജാവ് : എന്താണ് ഈ ബാലനെക്കണ്ടിട്ട് എനിക്കു സ്വന്തം പുത്രനെപ്പോലെ സ്നേഹം തോന്നുന്നത്? പുത്രനില്ലായ്മ കൊണ്ടുതന്നെ ആയിരിക്കാം.

രണ്ടാം താപസി : സർവദമന, നീ ഈ സിംഹക്കുട്ടിയെ വിട്ടില്ലെങ്കിൽ അതിന്റെ തള്ള നിന്റെ നേരെ ചാടിവീഴുമേ...

ബാലൻ : (പുഞ്ചിരിയിട്ട്) അബ്ബ! വലിയ പേടിതന്നെ (ചുണ്ടുപിളർത്തിക്കാണിക്കുന്നു).

രാജാവ് :

*എരിയാൻ വിറകിന്നു കാത്തിടും*
*പൊരിയായുള്ളൊരു ഹവ്യവാഹന്*
*ശരിയായി നിനച്ചിടുന്നു ഞാൻ*
*പെരിയോർക്കുള്ളൊരു വീരബാലനെ*

ഒന്നാം താപസി : കുഞ്ഞേ, ഈ സിംഹക്കുട്ടിയെ വിട്ടേക്കൂ... നിനക്കു കളിക്കാൻ വേറെ ഒന്നു തരാം.

ബാലൻ : എവിടെ? തരൂ.. (കൈ മലർത്തിക്കാണിക്കുന്നു).

രാജാവ് : (നോക്കീട്ട് ആശ്ചര്യത്തോടെ) എന്ത്? ഇവന്റെ കൈയിൽ ചക്രവർത്തിലക്ഷണവും കാണുന്നുണ്ടല്ലോ! ഇവനാകട്ടെ,

*കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിന കരം*
*വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങിത്തൊടുകയാൽ*
*വിളങ്ങുന്നു രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം*
*തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ*

രണ്ടാം താപസി : സുവ്രതേ, ഇവൻ വാക്കുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നവനല്ല. അതുകൊണ്ടു നീ എന്റെ പർണശാലയിൽച്ചെന്നു മാർക്കണ്ഡേയന്റെ ചായം തേച്ച മണ്മയിലിനെ എടുത്തുകൊണ്ടു വരൂ.

ഒന്നാം താപസി : അങ്ങനെതന്നെ. (പോയി)

ബാലൻ : അതുവരെ ഞാൻ ഇതിനെക്കൊണ്ടുതന്നെ കളിക്കും (എന്നു താപസിയെ നോക്കി ചിരിക്കുന്നു).

രാജാവ് : ഈ ദുസ്സാമർഥ്യക്കാരൻ കുട്ടിയോട് എനിക്ക് എന്തെന്നില്ലാത്ത സ്നേഹം തോന്നുന്നു.

*പല്ലിൻമൊട്ടുകൾ ഹേതുവെന്നിയേ ചിരിച്ചൽപ്പം തെളിച്ചും രസി-*
*ച്ചുല്ലാസത്തൊടു ചൊല്ലിയും ചില വചസ്സവ്യക്തമുഗ്ധാക്ഷരം.*
*അങ്കത്തിൽക്കുതുകത്തൊടേറിയമരും ബാലന്റെ പൂമേനിമേൽ-*
*ത്തങ്കും പങ്കമണിഞ്ഞിടുന്നു സുകൃതം ചെയ്തോരു ധന്യം ജനം*

താപസി : ആകട്ടെ, ഇവൻ എന്നെ കൂട്ടാക്കുന്നില്ല. (ഇരുപുറവും തിരിഞ്ഞ് നോക്കീട്ട്) ആരാ അവിടെ ഋഷികുമാരന്മാരുള്ളത്? (രാജാവിനെ കണ്ടിട്ട്) ഭദ്ര, ഇങ്ങോട്ടു വരണേ...ഇതാ, ഇവൻ കളിയായിട്ടു സിംഹക്കുട്ടിയെ മുറുക്കിപ്പിടിച്ചു വലിച്ചുപദ്രവിക്കുന്നു. ഒന്നു വിടീക്കണേ!

രാജാവ് : അങ്ങനെതന്നെ. (അടുത്തുചെന്നു പുഞ്ചിരിയോടെ) എടോ മഹർഷിബാലക,

*തെറികാട്ടിയാശ്രമവിരുദ്ധവൃത്തി നീ*
*ചെറുപാമ്പു ചന്ദനമരത്തിനെന്നപോൽ*
*വെറുതേ വിശുദ്ധതരസത്ത്വസൗമ്യമാം*
*പിറവിക്കു ദോഷമുളവാക്കിവയ്ക്കൊലാ*

*താപസി : ഭദ്ര, ഇവൻ മഹർഷിബാലനല്ല.*

രാജാവ് : അത് ഇവന്റെ ആകൃതിക്കു ചേർന്ന പ്രകൃതികൊണ്ടുതന്നെ അറിയാം. സ്ഥലഭേദംകൊണ്ടു ഞാൻ ശങ്കിച്ചുപോയതാണ്. (പറഞ്ഞതുപോലെ ബാലനെ വിലക്കീട്ട് അവന്റെ സ്പർശനസുഖം അനുഭവിച്ച് വിചാരം)

*ഗോത്രാദിയൊന്നുമറിയാതെയെനിക്കിവന്റെ*
*ഗാത്രങ്ങളിൽത്തൊടുകയാൽ സുഖമിത്രമാത്രം*
*എത്രയ്ക്ക് വേണമിവനെ പ്രതിപത്തിയോടെ*
*പുത്രത്വമോർത്തു പുണരുന്നൊരു പുണ്യവാന്ന്*

താപസി : (രണ്ടുപേരേയും നോക്കി) ആശ്ചര്യമാശ്ചര്യം!

രാജാവ് : എന്താണ്?

താപസി : അങ്ങേയ്ക്കും ഇവനും ഛായ നന്നേ യോജിച്ചുകണ്ടതിനാൽ എനിക്കു വിസ്മയം തോന്നിയതാണ്. മുൻപരിചയമില്ലെങ്കിലും അങ്ങേയ്ക്കിവൻ വഴിപ്പെടുകയും ചെയ്തു.

രാജാവ് : (ബാലനെ ലാളിച്ചുകൊണ്ട്) ആര്യേ, മുനികുമാരനല്ലെങ്കിൽ ഇവന്റെ കുലം ഏതാണ്?

താപസി : പുരുവംശമാണ്.

രാജാവ് : (വിചാരം) എന്ത്? എന്റെ വംശംതന്നെയോ? അതാണ് ഇവന് എന്റെ ഛായയുണ്ടെന്ന് താപസിക്കു തോന്നിയത്. പൗരവന്മാർക്ക് ഇങ്ങനെ അന്ത്യമായ കുലവ്രതമുണ്ടല്ലോ.

*ധരണീഭരണത്തിനായി മുന്നം*
*പുരുസൗധങ്ങളിൽ വാണതിന്റെ ശേഷം*
*തരുമൂലഗൃഹസ്ഥരായ്ച്ചരിപ്പൂ*
*പുരുവംശോദ്ഭവരേകപത്നിയോടേ*

(വെളിവായിട്ട്) മനുഷ്യർക്കു ബോധിച്ചതുപോലെ കടന്നുവരാവുന്ന സ്ഥലമല്ലല്ലോ ഇത്.

താപസി : അങ്ങു പറഞ്ഞതു ശരിതന്നെ. അപ്സരസ്സംബന്ധംകൊണ്ട് ഈ ബാലന്റെ മാതാവ് ദേവഗുരുവായ കാശ്യപന്റെ ഈ ആശ്രമത്തിൽ ഇവനെ പ്രസവിച്ചു.

രാജാവ് : (വിചാരം) എന്റെ ആശയ്ക്ക് ഒരു താങ്ങലുംകൂടി ആയി. (വെളിവായി) എന്നാൽ ആ ശ്രീമതിയുടെ ഭർത്താവായ രാജർഷിയുടെ പേരെന്താണ്?

താപസി : ധർമപത്നിയെ ഉപേക്ഷിച്ച അയാളുടെ നാമധേയം ആര് ഉച്ചരിക്കും!

രാജാവ് : (വിചാരം) ഈ പറയുന്നത് എന്നെത്തന്നെ ഉദ്ദേശിച്ചായിരിക്കണം. ഈ കുട്ടിയുടെ അമ്മയുടെ പേരു ചോദിച്ചാലോ? അല്ലെങ്കിൽ പരസ്ത്രീപ്രസംഗം ശരിയല്ല.

| | | |
|---|---|---|
| ഒന്നാം താപസി | : | (പ്രവേശിച്ചു. മയിലിനെ ആടുന്ന ഭാവത്തിൽ പിടിച്ചുകൊണ്ട്) സർവദമന, ഇതാ ശകുന്തലാസ്യം നോക്കൂ! |
| ബാലൻ | : | (ചുറ്റും നോക്കീട്ട്) അമ്മ ഇവിടെ ഇല്ലല്ലോ. |
| താപസി | : | (ചിരിച്ചുംകൊണ്ട്) മാതൃവത്സലനായ ബാലൻ അർഥം മാറിദ്ധരിച്ചു. |
| രണ്ടാം താപസി | : | വത്സ, മയിലാടുന്നതു നോക്കൂ എന്നാണ് ഞാൻ പറഞ്ഞത്. |
| രാജാവ് | : | (വിചാരം) ഇവന്റെ മാതാവിന്റെ പേർ ശകുന്തള എന്നാണോ? എന്നാൽ അനേകം പേർക്ക് ഒരു പേരുതന്നെ വരാറുണ്ടല്ലോ. ഈ പ്രസ്താവം കാനൽജലം പോലെ ഒടുവിൽ എനിക്കു വിഷാദത്തിന് ഇടയാക്കാതിരുന്നാൽക്കൊള്ളാമായിരുന്നു. |
| ബാലൻ | : | എനിക്കീ മയിലിനെ നന്നേ രസിച്ചു. ഞാനിതമ്മയുടെ അടുക്കലേക്ക് കൊണ്ടുപോകും (കളിക്കോപ്പു വാങ്ങുന്നു). |
| ഒന്നാം താപസി | : | (നോക്കി സംഭ്രമിച്ച്) അയ്യോ! കുഞ്ഞിന്റെ കൈയിൽ കെട്ടിച്ചിരുന്ന രക്ഷ കാണുന്നില്ലല്ലോ! |
| രാജാവ് | : | പരിഭ്രമിക്കേണ്ട, സിംഹക്കുട്ടിയുമായുള്ള കലശലിൽ താഴെ വീണുപോയി. (എടുക്കാൻ ഭാവിക്കുന്നു). |
| താപസിമാർ | : | അരുതേ, തൊടരുതേ, അല്ല! ഇദ്ദേഹം എടുത്തു കഴിഞ്ഞോ? (വിസ്മയിച്ച് മാറത്ത് കൈ വച്ചുംകൊണ്ട് അന്യോന്യം നോക്കുന്നു). |
| രാജാവ് | : | എന്തിനാണ് നിങ്ങൾ എന്നെ തടഞ്ഞത്? |
| ഒന്നാം താപസി | : | മഹാരാജാവു കേട്ടുകൊണ്ടാലും! ഈ രക്ഷ അപരാജിത എന്നു പേരായ ഒരു ഔഷധിയാണ്. ഇവന്റെ ജാതകർമ്മസമയത്തിൽ മാരീചഭഗവാൻ ഇത് ഇവനെ ധരിപ്പിച്ചു. അച്ഛനോ അമ്മയോ താനോ അല്ലാതെ ആരും ഇതു താഴെ വീണാൽ എടുത്തുകൂടാ എന്നും കല്പിച്ചു. |
| രാജാവ് | : | അല്ല, എടുത്താലോ? |
| ഒന്നാം താപസി | : | ഉടൻതന്നെ സർപ്പമായിത്തീർന്ന് എടുത്തവനെ കടിക്കും. |
| രാജാവ് | : | ഈ മാറ്റം എപ്പോഴെങ്കിലും നിങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ടോ? |
| താപസി | : | പല പ്രാവശ്യം. |
| രാജാവ് | : | (സന്തോഷത്തോടുകൂടി വിചാരം) എന്റെ മനോവിചാരം പൂർണമായി സിദ്ധിച്ചു. ഇനി എന്തിന് അഭിനന്ദിക്കാതിരിക്കുന്നു? (ബാലനെ ആലിംഗനം ചെയ്യുന്നു). |
| രണ്ടാം താപസി | : | സുവ്രതേ, വരൂ.. ഈ വർത്തമാനം വ്രതനിഷ്ഠയിൽ ഇരിക്കുന്ന ശകുന്തളയോട് ചെന്നു പറയാം. (താപസിമാർ പോയി). |

| | | |
|---|---|---|
| ബാലൻ | : | എന്നെ വിടൂ.. എനിക്ക് അമ്മയുടെ അടുക്കൽ പോകണം. |
| രാജാവ് | : | മകനേ, എന്നോടൊരുമിച്ചുതന്നെ ചെന്ന് അമ്മയെ ആനന്ദിപ്പിക്കാം. |
| ബാലൻ | : | എന്റെ അച്ഛൻ ദുഷ്ഷന്തനാണ്, താനല്ല. |
| രാജാവ് | : | (ചിരിച്ചിട്ട്) ഈ തർക്കംതന്നെ എനിക്കു വിശ്വാസം ഉറപ്പിക്കുന്നു. (അനന്തരം കെട്ടാതെ അഴിഞ്ഞുകിടക്കുന്ന തലമുടിയുമായി ശകുന്തള പ്രവേശിക്കുന്നു). |
| ശകുന്തള | : | മാറ്റം വരേണ്ട കാലത്തിൽ പോലും സർവദമനന്റെ രക്ഷ അതേ സ്ഥിതിയിൽത്തന്നെ ഇരുന്നു എന്നു കേട്ടിട്ടും എനിക്ക് എന്റെ ഭാഗ്യത്തിൽ വിശ്വാസം വരുന്നില്ല. അല്ലെങ്കിൽ സാനുമതി പറഞ്ഞതുപോലെ സംഭവിക്കാവുന്നതാണല്ലോ. |
| രാജാവ് | : | (ശകുന്തളയെ കണ്ടിട്ട് ആശ്ചര്യത്തോടെ) ഇതാ ശ്രീമതി ശകുന്തള! |

*മലിനം വസനദ്വയം; വ്രതത്താൽ*
*മെലിവേറ്റം കുഴൽ കറ്റയൊറ്റയായി*
*പലനാളിവളുണ്ടു കാത്തിടുന്നു*
*ഖലനാമെന്റെ വിയോഗദീക്ഷ സാധ്വി.*

| | | |
|---|---|---|
| ശകുന്തള | : | (പശ്ചാത്താപം കൊണ്ടു വിധം മാറിയ രാജാവിനെക്കണ്ടിട്ടു വിചാരം) ഇത് എന്റെ ആര്യപുത്രനെപ്പോലെ ഇരിക്കുന്നില്ലല്ലോ? പിന്നെ, ആരാണ് രക്ഷകെട്ടാതിരിക്കുന്ന എന്റെ കുഞ്ഞിനെ തൊട്ടു ദുഷിപ്പിക്കുന്നത്? |
| ബാലൻ | : | (അമ്മയുടെ അടുത്തു ചെന്ന്) അമ്മേ, ഇതാ ആരോ വന്ന് എന്നെ മകനേ എന്നു വിളിക്കുന്നു. |
| രാജാവ് | : | പ്രിയേ, ഞാൻ പ്രവർത്തിച്ചത് ക്രൂരതയാണെങ്കിലും അതു നിന്റെ പേരിലാകയാൽ അനുകൂലമായി കലാശിച്ചു. എന്നെ ഇപ്പോൾ നീ ഭർത്താവെന്നോർമിച്ചറിയണമെന്നു പ്രാർഥിക്കേണ്ടിവന്നിരിക്കുന്നു. |
| ശകുന്തള | : | (വിചാരം) ഹൃദയമേ, ഇനി ആശ്വസിക്കാം. ദൈവം മത്സരം വിട്ട് എന്റെ നേരെ കരുണ ചെയ്തു എന്നു തോന്നുന്നു. ഇത് ആര്യപുത്രൻതന്നെ. |
| രാജാവ് | : | പ്രിയേ, |

*മോഹമകന്നു തെളിഞ്ഞേൻ,*
*മോഹനതനു! വന്നു നീയുമെന്നരികിൽ*
*രാഹുവിനെ വിട്ടു ചന്ദ്രൻ*
*രോഹിണിയോടൊത്തു ചേർന്നു ഭാഗ്യവശാൽ*

ശകുന്തള : ആര്യപുത്രനു വിജയം! (തൊണ്ടയിടറി പാതിയിൽ നിർത്തുന്നു).

രാജാവ് : *ഇന്നിജ്ജയപ്രാർഥന ഗദ്ഗദത്താൽ*
*മന്ദിക്കിലും ഹന്ത! ഫലിച്ചിതെന്നിൽ*
*താംബൂലരാഗം കലരാതെ നിന്റെ*
*ബിംബാധര സുന്ദരി കാൺകയാലേ*

ബാലൻ : അമ്മേ, ഇതാരാണ്?

ശകുന്തള : കുഞ്ഞേ, നിന്റെ ഭാഗ്യത്തോടു ചോദിക്കൂ...

രാജാവ് : (ശകുന്തളയുടെ കാൽക്കൽ വീണിട്ട്)
തെല്ലും ഞാൻ തള്ളിയെന്നുള്ളൊരു
*പരിഭവമുൾക്കൊള്ളൊലാ വല്ലഭേ! നീ;*
*വല്ലതെന്നുള്ളമന്നാളൊരു മലിനതയേ-*
*റ്റേറെ മന്ദിച്ചിരുന്നു*
*കല്യാണം കൈവരുമ്പോൾ കലുഷമതികളി-*
*മ്മട്ടിലും ചേഷ്ടകാട്ടും*
*മാല്യം മൂർദ്ധാവിലിട്ടാൽ തല കുടയുമുടൻ*
*പാമ്പിതെന്നോതിയന്ധൻ*

ശകുന്തള : (കരഞ്ഞുംകൊണ്ട്) എണീക്കണം എണീക്കണം ആര്യപുത്രൻ. എന്റെ മുൻജന്മപാപം അന്നു ഫലോന്മുഖമായിരുന്നിരിക്കണം. അതാണ് ദയാലുവായ ആര്യപുത്രൻ അന്ന് എന്നോടങ്ങനെ പ്രവർത്തിച്ചത്. (രാജാവെഴുന്നേൽക്കുന്നു) പിന്നെ എങ്ങനെയാണ് ഇദ്ദുഃഖത്തിനു പാത്രമായ എന്റെ ഓർമ്മ വന്നത്.

രാജാവ് : വിഷാദശല്യം ഉള്ളിൽനിന്നു നീക്കിക്കളഞ്ഞിട്ടു പറയാം.

*സമ്മോഹത്താലവശനതുനാളേതു ഞാൻ തുള്ളിയായി-*
*ബ്ബിംബോഷ്ഠത്തിൽ പരിചൊടു പതിക്കുന്നതും പാർത്തു നിന്നേൻ*
*ഇന്നക്കണ്ണീർ ചുളിവെഴുമിമയ്ക്കുള്ളിൽനിന്നേ തുടച്ചി-*
*ട്ടന്തസ്താപം സുമുഖി, ദയിതേ! ചെറ്റു ഞാനാറ്റിടട്ടേ*

*(പറഞ്ഞ പ്രകാരം ചെയ്യുന്നു).*

ശകുന്തള : (മുദ്രമോതിരം നോക്കിയിട്ട്) ആര്യപുത്രാ, ഇത് ആ മോതിരമല്ലേ?

രാജാവ് : അതേ, ഈ മോതിരം കണ്ടിട്ടാണല്ലോ എനിക്കോർമ്മ വന്നത്.

ശകുന്തള : ഇതു വൈഷമ്യക്കാരനാണ്. അന്ന് ആര്യപുത്രനെ ഓർമ്മിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടാതെപോയല്ലോ.

രാജാവ് : എന്നാൽ *വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ.

ശകുന്തള : എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻതന്നെ ധരിച്ചാൽ മതി.

മാതലി : (പ്രവേശിച്ച്) ഭാഗ്യവശാൽ മഹാരാജാവിനു ധർമ്മപത്നിയുടെ യോഗവും പുത്രമുഖദർശനവുമുണ്ടായല്ലോ. ഞാൻ അഭിനന്ദിക്കുന്നു.

രാജാവ് : സ്നേഹിതൻ മുഖാന്തരം ലഭിക്കയാൽ ഈ മനോരഥഫലത്തിനു രുചി അധികം തോന്നുന്നുണ്ട്. മാതലി, ദേവേന്ദ്രഭഗവാൻ ഈ സംഗതി അറിയാതിരിക്കുമോ? അല്ലെങ്കിൽ എന്താണ് ഈശ്വരന്മാർക്ക് അപ്രത്യക്ഷമായിട്ടുള്ളത്!

മാതലി : (പുഞ്ചിരിയോടെ) ശരിയാണ്, മഹാരാജാവ് വരണം. കാശ്യപഭഗവാൻ അങ്ങേയ്ക്കു ദർശനം തരാൻ കാത്തിരിക്കുന്നു.

രാജാവ് : ശകുന്തളേ, കുഞ്ഞിനെ എടുത്തുകൊള്ളൂ. നിന്നെ മുമ്പിൽ നിർത്തിക്കൊണ്ട് ഭഗവാനെ ദർശിക്കണമെന്നാണ് എന്റെ ആഗ്രഹം.

ശകുന്തള : ആര്യപുത്രനോടുകൂടി ഗുരുസമീപത്തിൽ പോകുന്നതിന് എനിക്ക് ലജ്ജയുണ്ട്.

രാജാവ് : അഭ്യുദയകാലങ്ങളിൽ ഇങ്ങനെ വേണം ചെയ്യാൻ. വരൂ... (എല്ലാവരും ചുറ്റിനടക്കുന്നു).

(അനന്തരം ഇരിക്കുന്ന ഭാവത്തിൽ മാരീചനും അദിതിയും പ്രവേശിക്കുന്നു).

മാരീചൻ : (രാജാവ് വരുന്നത് നോക്കീട്ട്) *ദാക്ഷായണി,

*ഭവതിയുടയ പുത്രനെന്നുമേ പോരിൽ മുമ്പൻ,*
*ഭുവനഭരണകർത്താ ഹന്ത! ദുഷ്ഷന്തനീയാൾ;*
*ഇവനുടെ കുലവില്ലാലസ്ത്രകാര്യം നടന്നി-*
*ട്ടവനു കൊടിയ വജ്രം ഭൂഷണപ്രായമായി.*

*അദിതി : ആകൃതികൊണ്ടുതന്നെ ഇദ്ദേഹം മഹാനുഭാവനാണെന്ന് അറിയാം.*

*മാതലി : ഇതാ, ദേവകളുടെ മാതാപിതാക്കന്മാർ പുത്രസ്നേഹത്തോടുകൂടെ മഹാരാജാവിനെ നോക്കുന്നു. അടുത്തു ചെല്ലാം.*

* *"വള്ളി... ധരിക്കട്ടെ" എന്ന വാക്യത്തിന് നീ മോതിരം ധരിക്കട്ടെ എന്നർഥം.*

* *ദാക്ഷായണി : ദക്ഷപുത്രിയായ അദിതി.*

*രാജാവ് : മാതലി,*

*പന്ത്രണ്ടായിപ്പിരിഞ്ഞീടിന, പെരിയ മഹസ്സഞ്ചയത്തിൽ നിദാനം*
*മന്ത്രാഢ്യം ഹവ്യമേൽക്കുന്നൊരു ജഗദധിപൻ തന്റെ മാതാപിതാക്കൾ*
*ബ്രഹ്മാവിൻ പൂർവനാമപ്പരമപുരുഷനും ജന്മദാതാക്കളാകും*
*ശ്രീമന്മാരീചദാക്ഷായണികളിവർ വിധിക്കൊന്നുവിട്ടുള്ള പുത്രർ*

മാതലി : അതങ്ങനെതന്നെ.

രാജാവ് : (അടുത്തുചെന്നിട്ട്) ഇന്ദ്രഭഗവാന്റെ ആജ്ഞാകരനായ ദുഷ്ഷന്തൻ രണ്ടുപേരെയും നമസ്കരിക്കുന്നു.

മാരീചൻ : ഉണ്ണീ, വളരെക്കാലം രാജ്യം വാഴുക!

അദിതി : അപ്രതിരഥനായി ഭവിക്കുക.

ശകുന്തള : ശകുന്തളയും പുത്രനും ഇതാ നിങ്ങളുടെ പാദവന്ദനം ചെയ്യുന്നു.

മാരീചൻ : വത്സേ,

*പുരന്ദരസമൻ കാന്തൻ;*
*ജയന്തസദൃശൻ സുതൻ;*
*ചൊല്ലാമാശിസ്സു മറ്റെന്ത്?*
*പൗലോമീതുല്യയാക നീ*

അദിതി : കുഞ്ഞേ, ഭർത്താവു നിന്നെ ആദരിക്കട്ടെ. നിന്റെ പുത്രൻ ദീർഘായുസ്സായിരുന്ന് ഇരുവംശക്കാരേയും ആനന്ദിപ്പിക്കട്ടെ! ഇരിക്കുവിൻ (എല്ലാവരും മാരീചന്റെ ഇരുവശമായി ഇരിക്കുന്നു).

2NSN22

മലയാളശാകുന്തളം- ഏഴാം അങ്കം
(എ.ആർ. രാജരാജവർമ്മ)

- താപസി : 'സർവദമനൻ' എന്നു മഹർഷിമാർ നിനക്ക് പേരിട്ടത് ശരിതന്നെ.

  താപസി : ഭദ്ര, ഇവൻ മഹർഷിബാലനല്ല.

  രാജാവ് : അത് ഇവന്റെ ആകൃതിക്കു ചേർന്ന പ്രകൃതികൊണ്ടുതന്നെ അറിയാം.

ബാലന്റെ പ്രകൃതത്തെക്കുറിച്ചുള്ള സൂചനകൾ നാടകഭാഗത്തുനിന്നു കണ്ടെത്തി കുറിപ്പു തയാറാക്കുക.

- *"വിളങ്ങുന്നു രാഗം ഭൃശമെഴു-*
  *മുഷസ്സിൽദ്ദലകുലം*
  *തെളിഞ്ഞീടാതൊന്നായ് വിടരുമൊരു*
  *തണ്ടാർമലരുപോൽ."*

വരികളിൽ തെളിയുന്ന ചമൽക്കാരഭംഗി വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. ഇത്തരത്തിലുള്ള മറ്റു വരികൾ പാഠഭാഗത്തുനിന്നു കണ്ടെത്തുക.

- കാളിദാസന്റെ ഭാവന ഏറ്റവും തെളിഞ്ഞു കാണുന്ന നാടകമാണ് ശാകുന്തളം. ശകുന്തളയും ദുഷ്ഷന്തനും മകനും ഒന്നുചേരുന്ന ശാകുന്തളം ഏഴാമങ്കം നാടകീയ മുഹൂർത്തങ്ങൾ നിറഞ്ഞതാണല്ലോ. ശുഭകരമായ അന്ത്യത്തിലേക്കു കഥാഗതിയെ നാടകീയമായി വളർത്തിക്കൊണ്ടുവരുന്നതിന് കവി സ്വീകരിക്കുന്ന രചനാതന്ത്രങ്ങൾ എന്തൊക്കെ? ചർച്ചചെയ്യുക.

- "ഭാഗ്യവും നിർഭാഗ്യവും സുഖവും ദുഃഖവും പ്രതിജനഭിന്നവിചിത്രമാർഗമായ മനുഷ്യജീവിതത്തിന്റെ എല്ലാ രൂപഭേദങ്ങളും ശാകുന്തളത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

  *(കാളിദാസപഠനങ്ങൾ - ഡോ. എൻ.വി. കൃഷ്ണവാരിയർ)*

  പാഠഭാഗവുമായി ബന്ധിപ്പിച്ച് പ്രസ്താവന വിലയിരുത്തുക.

- നാടകം അവതരിപ്പിക്കുന്നതിന് മുന്നോടിയായി എന്തെല്ലാം തയാറെടുപ്പുകളാണ് നടത്തേണ്ടത്? ചർച്ചചെയ്യുക.

  നാടകാവതരണവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ പരിശീലനം നേടാൻ നാടകശില്പശാല സംഘടിപ്പിക്കുക.

2P2J3P

# പാവങ്ങൾ

ദരിദ്രനായ മരംവെട്ടുകാരനായിരുന്നു ഴാങ് വാൽ ഴാങ്. വിധവയായ സഹോദരിയും അവരുടെ ഏഴു മക്കളും അയാളുടെ സംരക്ഷണത്തിലായിരുന്നു. ഒരു മഴക്കാലത്ത് തൊഴിലില്ലാതെ മുഴുപ്പട്ടിണിയിലകപ്പെട്ടപ്പോൾ സഹോദരിയുടെയും കുട്ടികളുടെയും വിശപ്പുമാറ്റാൻ ബേക്കറിയിൽനിന്ന് അയാൾ ഒരു റൊട്ടി മോഷ്ടിച്ചു. ആ കുറ്റത്തിന് അഞ്ചുവർഷം ശിക്ഷിക്കപ്പെട്ട ഴാങ് വാൽ ഴാങ് മൂന്നു തവണ ജയിൽ ചാടി. 19 വർഷം ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വന്നു. ജയിൽമോചിതനായ അയാൾക്ക് ആരും അഭയം കൊടുത്തില്ല. ഒടുവിൽ ഡി പട്ടണത്തിലെ മെത്രാൻ വിശപ്പും ദാഹവും കൊണ്ടു തളർന്ന അയാൾക്ക് അഭയമേകുന്നു.

ഴാങ് വാൽ ഴാങ് ചെവിയോർത്തുനോക്കി. ഒരൊച്ചയുമില്ല. അയാൾ വാതിലിന്ന് ഒരുന്തുകൊടുത്തു.

അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യഭാവത്തോടുകൂടി, അനങ്ങാതെ, വിരൽത്തുമ്പുകൊണ്ടു പതുക്കെ അയാൾ വാതിലുന്തി.

വാതിൽ ആ അമർച്ചകൊണ്ടു നീങ്ങി. ഉപായത്തിലുള്ള ആ നീങ്ങലിൽ പതുക്കെ ഒരു പഴുതുണ്ടായി. അയാൾ ഒരു നിമിഷനേരം അനങ്ങാതെ നിന്നു. എന്നിട്ടു കുറേക്കൂടി ധൈര്യം പിടിച്ച് ഒന്നുകൂടി ഉന്തി. അതു പിന്നേയും ശബ്ദിക്കാതെ നീങ്ങി. അയാൾക്കകത്തേക്കു കടക്കാൻ വേണ്ട പഴുതായി. പക്ഷേ, വാതിലിന്റെ അടുത്ത് ഒരു മേശ കിടന്നിരുന്നു; അതിന്മേൽ വാതിൽ തട്ടി കോണിച്ചുപോയതുകൊണ്ട് അകത്തേക്കു കടപ്പാനുള്ള വഴി തടയപ്പെട്ടു.

ഴാങ് വാൽ ഴാങ്ങിന് ആ അപകടം മനസ്സിലായി. എന്തുവന്നാലും ശരി, ആ പഴുതൊന്നു വലുതാക്കിത്തീർക്കാതെ നിവൃത്തിയില്ല.

അയാൾ മനസ്സുകൊണ്ടു നിശ്ചയിച്ചു; മുമ്പിലത്തെ രണ്ടിനെക്കാളും ഉറപ്പിച്ച് വാതിൽ ഒരുന്തുകൂടി ഉന്തി. ഇക്കുറി, എണ്ണ വേണ്ട വിധം കൊടുത്തിട്ടില്ലാത്ത ഒരു തിരികുറ്റി പെട്ടെന്ന് ആ നിശ്ശബ്ദതയ്ക്കിടയിൽ നീണ്ടതും ചിലമ്പിച്ചതുമായ ഒരു നിലവിളി പുറപ്പെടുവിച്ചു.

ഴാങ് വാൽ ഴാങ് നടുങ്ങി. പരലോകത്തുവച്ച് ഇഹലോകകർമങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞുകയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹളശബ്ദംപോലെ, തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു.

ആദ്യത്തെ അമ്പരപ്പിലും പരിഭ്രമത്തിലും അയാൾക്ക് ആ വാതിൽത്തിരികുറ്റി പെട്ടെന്നു ജീവൻ പൂണ്ടതായും അതു പെട്ടെന്ന് ഒരു ഭയങ്കര ജീവിതം കൈക്കൊണ്ട്, ഒരു നായയെപ്പോലെ, എല്ലാവരേയും എഴുന്നേൽപ്പിക്കുവാനും ഉറങ്ങിക്കിടന്നവരെയെല്ലാം ഉണർത്തി അപകടം അറിയിക്കുവാനുംവേണ്ടി, കുരയ്ക്കുന്നതായും ഏതാണ്ടു തോന്നി. അയാൾ വിറച്ചുകൊണ്ടും പരിഭ്രമിച്ചുകൊണ്ടും കുറച്ചിട അനങ്ങാതെ നിന്നു; കാൽപ്പെരുവിരലുകളുടെ തുമ്പത്തുനിന്നു മടമ്പുകളിലേക്കു പിന്നോക്കം വീണു. രണ്ടു ചെന്നിക്കുമുള്ള

രക്തനാഡികൾ കൊല്ലന്റെ രണ്ടു കൂടങ്ങൾപോലെ ആഞ്ഞടിക്കുന്നത് അയാൾ കേട്ടു; ഒരു ഗുഹയിൽനിന്നു പുറപ്പെടുന്ന കാറ്റിന്റെ ഇരമ്പിച്ചയോടുകൂടി, അയാളുടെ മാറിടത്തിൽനിന്നു ശ്വാസാവേഗം തള്ളിവന്നു. ആ ശുണ്ഠിപിടിച്ച തിരികുറ്റിയുടെ ഭയങ്കരമായ ഗർജനഘോഷം, ഒരു ഭൂകമ്പത്തിന്റെ കുലുക്കംപോലെ, ആ വീട്ടിലുള്ളവരെയെല്ലാം ഉണർത്തി ലഹളകൂട്ടിക്കാതിരിക്കാൻ നിർവാഹമില്ലെന്ന് അയാൾക്കു തോന്നി. അയാൾ ഉന്തിയ വാതിൽ വരാൻ പോകുന്ന അപകടമറിഞ്ഞു കൂക്കുവിളി കൂട്ടി. ആ വയസ്സൻ ഇപ്പോൾ കടന്നെഴുന്നേൽക്കും; ആ രണ്ടു വൃദ്ധസ്ത്രീകളും ഉറക്കെ നിലവിളിക്കും; ആളുകളെല്ലാം സഹായത്തിന് ഓടിയെത്തും; കാൽമണിക്കൂർകൊണ്ട് പട്ടണം മുഴുവനും ഇളകിമറിഞ്ഞു ലഹളയായി, പോലീസുകാർ ചാടിവീഴും. രണ്ടു നിമിഷത്തേക്ക് അയാൾ തന്റെ കാര്യം പോയി എന്നു തീർച്ചപ്പെടുത്തി.

ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ, അയാൾ നിന്നേടത്തുതന്നെ മിഴിച്ചുകൊണ്ടു നിന്നു. ഒന്നനങ്ങുവാൻ അയാൾക്കു ധൈര്യമുണ്ടായില്ല. അനവധി നിമിഷങ്ങൾ കഴിഞ്ഞു. വാതിൽ മലർക്കെ തുറന്നിട്ടിരിക്കുന്നു. അയാൾ പതുക്കെ അങ്ങേ മുറിയിലേക്കു പതുങ്ങിക്കടക്കാൻ നോക്കി. അവിടെ ഒരനക്കവുമില്ല. അയാൾ ചെവിയോർത്തു. ആ വീട്ടിലെങ്ങും ഒരനക്കത്തിന്റെ വട്ടമില്ല. ആ മണ്ണുപിടിച്ച തിരികുറ്റി ഉണ്ടാക്കിത്തീർത്ത ഒച്ചപ്പാട് ഒരു മനുഷ്യനേയും ഉണർത്തിയിട്ടില്ല.

ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു. എങ്കിലും അപ്പോഴും അയാളുടെ മനസ്സിൽ ഒരു വല്ലാത്ത പരിഭ്രമമുണ്ടായിരുന്നു. ഏതായാലും, അയാൾ പിന്നോക്കം വച്ചില്ല. തന്റെ കാര്യം പോയി എന്നു തോന്നിയിരുന്നപ്പോൾക്കൂടി, അയാൾ പിന്നോക്കം വയ്ക്കുകയുണ്ടായിട്ടില്ല. അയാളുടെ അപ്പോഴത്തെ ആലോചന കഴിയുന്നതും വേഗത്തിൽ കാര്യം കഴിച്ചുകൂട്ടണമെന്നു മാത്രമായിരുന്നു. അയാൾ ഒരടി മുന്നോട്ടു വച്ചു മുറിക്കകത്തു കടന്നു.

* * *

ക്ഷണത്തിൽ കട്ടിൽ പിന്നിട്ടു മെത്രാന്റെ നേരെ നോക്കാതെ, ചുമർക്കൂടിന്റെ അടുക്കലേക്ക് – അതു കട്ടിലിന്റെ തലയ്ക്കൽഭാഗത്തായി കണ്ടു–അയാൾ പാഞ്ഞു. പൂട്ടുതകർക്കുന്നതിനെന്നപോലെ തന്റെ ഇരുമ്പുവിളക്കുകാൽ പൊക്കി; താക്കോൽ അതിലുണ്ടായിരുന്നു. അയാൾ അതു തുറന്നു. ഒന്നാമതായി കണ്ണു ചെന്നതു വെള്ളിസ്സാമാനങ്ങളുള്ള കൊട്ടമേലാണ്. അയാൾ അതെടുത്ത് നീണ്ട കാൽവയ്പുകളോടു കൂടി, യാതൊരു മുൻകരുതലുമില്ലാതെ, താൻ ഉണ്ടാക്കിത്തീർക്കുന്ന ഒച്ചയെപ്പറ്റി ലേശമെങ്കിലും ആലോചിച്ചു ബുദ്ധിമുട്ടാതെ ആ മുറിയുടെ അപ്പുറത്തു കടന്നു; ഈശ്വരവന്ദനമുറിയിലെത്തി, ജനാല തുറന്നു, ആ പൊന്തൻവടിയെടുത്തു, നിലത്തുള്ള ജനാലക്കട്ടിളപ്പടി കവച്ചുകടന്നു. വെള്ളിസ്സാമാനം പട്ടാളമാറാപ്പിലിട്ടു, കൊട്ട വലിച്ചെറിഞ്ഞു, തോട്ടം പിന്നിട്ടു, നരിയെപ്പോലെ മതിൽ ചാടിക്കടന്ന് ഒരു പാച്ചിൽ കൊടുത്തു.

പിറ്റേദിവസം രാവിലെ മോൺസിന്യേർ ബിയാങ്വെന്യു തോട്ടത്തിൽ നടക്കുകയായിരുന്നു. തികഞ്ഞ സംഭ്രമത്തോടുകൂടി മദാം മഗ്ല്വാർ അദ്ദേഹത്തിന്റെ അടുക്കലേക്കു പാഞ്ഞുചെന്നു.

'മോൺസിന്യേർ, മോൺസിന്യേർ'–അവൾ ഉച്ചത്തിൽ പറഞ്ഞു, "വെള്ളിസ്സാമാനങ്ങൾ വയ്ക്കുന്ന കൊട്ട എവിടെയെന്ന് ഇവിടേയ്ക്കറിയാമോ?"

'ഉവ്വ്' – മെത്രാൻ മറുപടി പറഞ്ഞു.

"യേശുക്രിസ്തോ, അവിടത്തെ കൃപ!" അവൾ തുടർന്നു പറഞ്ഞു: "അതെന്തായി എന്ന് എനിക്കറിഞ്ഞുകൂടാ."

ഒരു പൂച്ചെടിച്ചട്ടിയിൽ നിന്നു മെത്രാൻ അപ്പോൾത്തന്നെയാണ് അതു കണ്ടെടുത്തത്, അതിനെ അദ്ദേഹം മദാം മഗ്ലാർക്കു സമ്മാനിച്ചു.

'അതിതാ.'

'അതുവ്വ്!' അവൾ പറഞ്ഞു. "ഉള്ളിലൊന്നുമില്ല! വെള്ളിസ്സാമാനം?"

'ഹോ,' മെത്രാൻ മറുപടി പറഞ്ഞു: "അപ്പോൾ വെള്ളിസ്സാമാനമാണ് നിങ്ങളെ ബുദ്ധിമുട്ടിക്കുന്നത്? എനിക്കറിഞ്ഞുകൂടാ, അതെവിടെയാണെന്ന്."

"ഭഗവാനേ, എന്റെ ഈശ്വരാ, അതു കട്ടുപോയി, ഇന്നലെ രാത്രി ഇവിടെ വന്ന മനുഷ്യൻ അതു കട്ടു."

ചൊടിയുള്ള ഒരു വൃദ്ധയുടെ ജാഗ്രതയോടുകൂടി മദാം മഗ്ലാർ ഒരു നിമിഷനേരം കൊണ്ട് ഈശ്വരവന്ദനമുറിയിലേക്കു പാഞ്ഞു, ക്ഷണത്തിൽ ഉള്ളറയിൽ പോയി, മെത്രാന്റെ അടുക്കലേക്കുതന്നെ തിരിച്ചെത്തി. മെത്രാൻ ആ സമയത്തു കുനിഞ്ഞു നിന്ന്, കൊട്ട തടത്തിൽ വീണതുകൊണ്ടു കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചു നോക്കി വ്യസനിക്കുകയായിരുന്നു. മദാം മഗ്ലാറുടെ നിലവിളി കേട്ട് അദ്ദേഹം നിവർന്നു.

"മോൺസിന്യേർ, ആ മനുഷ്യൻ ചാടി. വെള്ളിസ്സാമാനം കട്ടു."

ഇതുച്ചത്തിൽ വിളിച്ചുപറഞ്ഞതോടുകൂടി അവളുടെ നോട്ടം തോട്ടത്തിന്റെ ഒരു മൂലയിലേക്കു ചെന്നു. മതിൽ ചാടിക്കടന്നതിന്റെ അടയാളം അവിടെ കാണാമായിരുന്നു. മതിലിന്റെ മുകളിലത്തെ കമഴ്ത്തുകല്ലു പൊളിഞ്ഞിട്ടുണ്ട്.

"നിൽക്കൂ! അതാ അവൻ പോയിട്ടുള്ള വഴി, അവൻ അതിലെ കോഷ്ഫിലെ ഇടവഴിയിലേക്ക് എടുത്തുചാടി, ഹാ! എന്തൊരു ഗ്രഹപ്പിഴ! അവർ നമ്മുടെ വെള്ളിസ്സാമാനം കട്ടു!"

മെത്രാൻ ഒരു നിമിഷനേരത്തേക്ക് ഒന്നും മിണ്ടാതെ നിന്നു, തന്റെ സഗൗരവമായ ദൃഷ്ടിയെ അദ്ദേഹം മേൽപ്പോട്ടുയർത്തി, സൗമ്യസ്വരത്തിൽ മദാം മഗ്ലാറോടു പറഞ്ഞു: "അപ്പോൾ ഒന്നാമത്, ആ വെള്ളിസ്സാമാനം നമ്മുടെയായിരുന്നുവോ!"

മദാം മഗ്ലാർ മിണ്ടാതെയായി. പിന്നെയും കുറച്ചിട ആരും ശബ്ദിച്ചില്ല. പിന്നീട് മെത്രാൻ തുടർന്നു പറഞ്ഞു: "മദാം മഗ്ലാർ, ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടല്ല. അതു പാവങ്ങളുടെയാണ്. ആ വന്ന മനുഷ്യൻ ആരായിരുന്നു? കാഴ്ചയിൽത്തന്നെ ഒരു പാവം."

* * *

കുറച്ചുനേരം കൂടി കഴിഞ്ഞപ്പോൾ, തലേദിവസം രാത്രി ഴാങ് വാൽ ഴാങ് ഭക്ഷണം കഴിച്ചതെവിടെവച്ചോ, ആ മേശപ്പുറത്തുവച്ചുതന്നെ അദ്ദേഹം പ്രാതൽ കഴിക്കയായി. അങ്ങനെ പ്രാതൽ കഴിക്കുന്നതിനിടയ്ക്ക് മോൺസിന്യേർ വെൽക്കം അവിടെ മിണ്ടാതിരിക്കുന്ന തന്റെ സഹോദരിയോടും പുറത്തേക്ക് ശബ്ദം കേൾക്കാതെ എന്തോ പിറുപിറുക്കുന്ന മദാം മഗ്ലാറോടുമായി ആഹ്ലാദപൂർവം അഭിപ്രായപ്പെട്ടു: "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്കു മരംകൊണ്ടുള്ള മുള്ളും കയ്‌ലുംകൂടി ആവശ്യമില്ല."

"ഒരു നല്ല വിചാരംതന്നെ, വാസ്തവം" – പോകുന്നതിനും വരുന്നതിനുമിടയ്ക്കു മദാം മഗ്ലോർ തന്നോടുതന്നെ പറഞ്ഞു : "ആ നിലയ്ക്കുള്ള ഒരുത്തനെ അകത്തു കടത്തുക! എന്നല്ല, അവനവൻ കിടക്കുന്നതിന് അടുത്തു കിടത്തുകയും! ആ മനുഷ്യൻ കക്കുക മാത്രമല്ലേ ചെയ്തുള്ളൂ! ഹാ, എന്റെ ഭഗവാനേ! അതു വിചാരിക്കുമ്പോൾ എനിക്കു തടി വിറയ്ക്കുന്നു!"

ആ സഹോദരീസഹോദരന്മാർ പ്രാതൽ കഴിഞ്ഞ് എഴുന്നേൽക്കുമ്പോഴേക്ക് വാതിൽക്കൽ ഒരു മുട്ടു കേട്ടു.

"അകത്തേക്കു വരൂ"– മെത്രാൻ പറഞ്ഞു.

വാതിൽ തുറന്നു. അസാധാരണവും സംഭ്രാന്തവുമായ ഒരു ചെറിയ ആൾക്കൂട്ടം ഉമ്മറത്തെത്തി. മൂന്നുപേർ കൂടി നാലാമതൊരാളുടെ കഴുത്തുപട്ടമേൽ പിടികൂടിയിരിക്കുന്നു. ആ മൂന്നുപേർ പോലീസുകാരാണ്; മറ്റേ ആൾ ഴാങ് വാൽ ഴാങ്ങും.

ഒരു മേലധികാരി–ആ മൂന്നുപേരുടെയും തലവൻ അയാളാണെന്നു തോന്നി – വാതിലിന്റെ അടുത്തു നിൽക്കുന്നുണ്ട്. അയാൾ അകത്തു കടന്ന് ഒരു പട്ടാളസ്സലാം വച്ചുകൊണ്ട് മെത്രാന്റെ അടുക്കലേക്കു ചെന്നു.

'മോൺസിന്യേർ' –അയാൾ പറഞ്ഞു. കുണ്ഠിതപ്പെട്ടും തീരെ അമർന്നുകഴിഞ്ഞുമിരുന്ന ഴാങ് വാൽ ഴാങ് ഈ വാക്കുകേട്ട ഉടനെ അമ്പരന്ന മട്ടിൽ തലപൊക്കി.

'മോൺസിന്യേർ!' അയാൾ മന്ത്രിച്ചു. "അപ്പോൾ ഇദ്ദേഹം സഭാബോധകനല്ലേ?"

'മിണ്ടരുത്! പൊലീസുകാരൻ കൽപ്പിച്ചു. "അവിടുന്നു മെത്രാൻ തിരുമനസ്സുകൊണ്ടാണ്."

ഈയിടയ്ക്കു തന്റെ വാർധക്യത്തിന് താങ്ങാൻ ആകാവുന്നിടത്തോളം വേഗത്തിൽ മോൺസിന്യേർ ബിയാങ്വെന്യു മുമ്പോട്ടു വന്നു.

'ഹാ! നിങ്ങളാണ്!' ഴാങ് വാൽ ഴാങ്ങിന്നുനേരെ നോക്കി അദ്ദേഹം കുറച്ചുച്ചത്തിൽ പറഞ്ഞു: "നിങ്ങളെ കാണാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. അപ്പോൾ, എന്തേ ഇത്? ഞാൻ നിങ്ങൾക്കു മെഴുതിരിക്കാലുകൾ തന്നുവല്ലോ; മറ്റുള്ളവയെപ്പോലെത്തന്നെ അവയും കട്ടിവെള്ളിയാണ്; നിശ്ചയമായും നിങ്ങൾക്ക് അവയിൽനിന്ന് ഇരുനൂറു ഫ്രാങ്ക് കിട്ടും. നിങ്ങളുടെ മുള്ളുകളും കയ്‌ലുകളും എടുത്ത കൂട്ടത്തിൽ നിങ്ങൾ എന്തുകൊണ്ട് അവകൂടി കൊണ്ടുപോയില്ല!"

ഴാങ് വാൽ ഴാങ്ങിന്റെ കണ്ണു രണ്ടും മിഴിഞ്ഞുപോയി; മനുഷ്യനെക്കൊണ്ടു പറഞ്ഞറിയിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോടുകൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ചുനോക്കി.

'മോൺസിന്യേർ', ആ പോലീസ് മേലാൾ പറഞ്ഞു: "അപ്പോൾ ഈ മനുഷ്യൻ പറഞ്ഞത് വാസ്തവമാണ്! ഞങ്ങൾ ഇയാളെ കണ്ടെത്തി. ചാടിപ്പോവുന്ന ഒരുവന്റെ മട്ടിലാണ് ഇയാൾ നടന്നിരുന്നത്. കഥയെന്തെന്നറിയട്ടെ എന്നുവച്ച് ഞങ്ങൾ തടഞ്ഞു നിർത്തി. ഈ വെള്ളിസ്സാമാനം ഇയാളുടെ പക്കലുണ്ടായിരുന്നു."

"അപ്പോൾ ഇയാൾ പറഞ്ഞിരിക്കും", മെത്രാൻ ഒരു പുഞ്ചിരിയോടുകൂടി കടന്നു പറഞ്ഞു: "രാത്രി താൻ കഴിച്ചുകൂട്ടിയ ഒരു വൃദ്ധമതാചാര്യന്റെ അടുക്കൽനിന്നു തനിക്കു കിട്ടിയതാണ് ആ സാമാനമെന്ന് – അങ്ങനെയല്ലേ? എനിക്കും കാര്യം മനസ്സിലായി. അപ്പോൾ നിങ്ങൾ അയാളെ പിടിച്ചുംകൊണ്ട് ഇങ്ങോട്ടു പോന്നു? ഒരു തെറ്റു പറ്റിപ്പോയതാണ്."

'അങ്ങനെയാണെങ്കിൽ', ആ പോലീസുദ്യോഗസ്ഥൻ മറുപടി പറഞ്ഞു: "ഞങ്ങൾക്ക് ഇയാളെ വിട്ടയയ്ക്കാം?"

'തീർച്ചയായും'- മെത്രാൻ മറുപടി പറഞ്ഞു.

പോലീസുകാർ ഴാങ് വാൽ ഴാങ്ങിനെ വിട്ടു; അയാൾ ഒന്നു മാറിനിന്നു.

"എന്നെ വിടാൻ പോകുന്നു എന്നുള്ളത് വാസ്തവം തന്നെയോ?" ഏതാണ്ട് പുറത്തേക്കു കേൾക്കാത്ത ഒരൊച്ചയിൽ, ഉറക്കത്തിനിടയിൽ സംസാരിക്കുന്നവിധം അയാൾ പറഞ്ഞു.

"അതേ, നിന്നെ വിട്ടിരിക്കുന്നു. നിനക്കു മനസ്സിലായില്ലേ?" പോലീസുകാരുടെ കൂട്ടത്തിൽ ഒരാൾ പറഞ്ഞു.

'സ്നേഹിതാ'- മെത്രാൻ പറയാൻ തുടങ്ങി: "നിങ്ങൾ പോകുന്നതിനു മുമ്പ്, ഇതാ നിങ്ങളുടെ മെഴുതിരിക്കാലുകൾ; എടുക്കാം."

അദ്ദേഹം അടുപ്പുതിണ്ണയുടെ അടുക്കലേക്കു പോയി. ആ രണ്ടു വെള്ളിവിളക്കുകാലുകളുമെടുത്ത്, ഴാങ് വാൽ ഴാങ്ങിനു കൊണ്ടുവന്നു കൊടുത്തു.

ഒരു ഭാവഭേദം കൂടാതെ, മെത്രാനെ ബുദ്ധിമുട്ടിക്കാവുന്ന ഒരു നോട്ടമെങ്കിലും നോക്കാതെ, ആ രണ്ടു സ്ത്രീകളും അതെല്ലാം കണ്ടുംകൊണ്ടുതന്നെ നിന്നു.

ഴാങ് വാൽ ഴാങ്ങിന്റെ ഓരോ ഭാഗവും കിടന്നുവിറച്ചിരുന്നു. തികച്ചും അമ്പരന്ന്, ഒരു പാവയുടെ മാതിരി, അയാൾ ആ രണ്ടു മെഴുതിരിവിളക്കുകൾ കൈയിൽ വാങ്ങി.

'ഇനി'- മെത്രാൻ പറഞ്ഞു: "നിങ്ങൾ സമാധാനത്തോടുകൂടി പോവുക. കൂട്ടത്തിൽ പറയട്ടെ, എന്റെ സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്കു തോട്ടത്തിലൂടെ കടന്നുപോരണമെന്നില്ല; തെരുവിലേക്കുള്ള വാതിലിലൂടെത്തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല." എന്നിട്ട് അദ്ദേഹം പോലീസുകാരോടു പറഞ്ഞു: "ഇനി നിങ്ങൾക്കു പോവാം."

പോലീസുകാർ പോയി. ഴാങ് വാൽ ഴാങ് മോഹാലസ്യപ്പെടാൻ പോകുന്ന ഒരാളെപ്പോലെ കാണപ്പെട്ടു.

മെത്രാൻ അയാളുടെ അടുക്കലേക്കു ചെന്ന്, ഒരു താഴ്ന്ന സ്വരത്തിൽ പറഞ്ഞു: "ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞചെയ്തിട്ടുള്ളതു മറക്കരുതേ, ഒരിക്കലും മറന്നുപോകരുത്."

പാവങ്ങൾ - വിക്ടർ ഹ്യൂഗോ
(വിവ: നാലപ്പാട്ട് നാരായണമേനോൻ)

2PBF5C

- മെത്രാൻ പറഞ്ഞു: "നിങ്ങൾ സമാധാനത്തോടുകൂടി പോവുക. കൂട്ടത്തിൽ പറയട്ടെ, എന്റെ സ്നേഹിതാ, ഇനി ഇങ്ങോട്ടു വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നു പോരണമെന്നില്ല, തെരുവിലേക്കുള്ള വാതിലിലൂടെ തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല."

  മെത്രാന്റെ ഈ വാക്കുകൾ സമൂഹത്തിനു നൽകുന്ന സന്ദേശമെന്ത്?

- "പരലോകത്തു വച്ച് ഇഹലോകകർമ്മങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞുകയറുന്നതും ഭയം ജനിപ്പിക്കുന്നതുമായ കാഹളശബ്ദം പോലെ, തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു."

  ഴാങ് വാൽ ഴാങ്ങിന്റെ മാനസികാവസ്ഥ പ്രതിഫലിപ്പിക്കാൻ ഈ വരികൾക്ക് എത്ര മാത്രം കഴിയുന്നുണ്ട്? കുറിപ്പ് തയാറാക്കുക.

- "ചെറിയ കുറ്റത്തിന് വലിയ ശിക്ഷ നൽകുന്ന നിയമവ്യവസ്ഥ മാത്രമല്ല, തെറ്റുകുറ്റങ്ങൾക്ക് മാപ്പു നൽകുന്ന സ്നേഹത്തിന്റെ വ്യവസ്ഥകൂടി ലോകത്തുണ്ടെന്ന് ഴാങ് തിരിച്ചറിയുന്നതപ്പോഴാണ്. നന്മയുടെ വെളിച്ചം ഴാങ്ങിലേക്ക് കടക്കുന്ന ആ ഒരൊറ്റ മുഹൂർത്തം മതി വിക്ടർ ഹ്യൂഗോ എന്ന എഴുത്തുകാരന് അമരത്വം ലഭിക്കാൻ. എന്റെ എഴുത്തിലും സ്വഭാവഘടനയിലും ചിന്തയിലും സ്വാധീനം ചെലുത്തിയ പുസ്തകമാണ് 'പാവങ്ങൾ.' (നന്മയുടെ കാലം അസ്തമിച്ചിട്ടില്ല - ഇ. ഹരികുമാർ)

ലോകമെമ്പാടുമുള്ള എഴുത്തുകാർക്കും വായനക്കാർക്കും എന്നും പ്രചോദനം നൽകുന്ന മഹത്തായ കലാസൃഷ്ടിയാണ് 'പാവങ്ങൾ'. പ്രശസ്ത കഥാകൃത്ത് ഇ. ഹരികുമാറിന്റെ നിരീക്ഷണവും നിങ്ങളുടെ വായനാനുഭവവും പരിഗണിച്ച് 'പാവങ്ങൾ: ലോകസാഹിത്യത്തിലെ നിത്യവിസ്മയം' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

2PKB6Z

> "മഹത്തായ സാഹിത്യം കാലദേശങ്ങളെ അതിജീവിക്കുന്നു."
>
> യൂണിറ്റിലെ രചനകൾ ആസ്പദമാക്കി വിലയിരുത്തുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| **പദ്യം** | | | |
| • കവിത ഈണത്തിലും താളത്തിലും അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • കവിതയുടെ പ്രമേയപരമായ സവിശേഷതകൾ വിശകലനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. | | | |
| • ചമൽക്കാരഭംഗി, പ്രയോഗഭംഗി എന്നിവ കണ്ടെത്തി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| **നാടകം** | | | |
| • നാടകീയരംഗങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • ചമൽക്കാരം, ധ്വനി എന്നിവ കണ്ടെത്തിയിട്ടുണ്ട്. | | | |
| • കഥാപാത്രസ്വഭാവം വിശകലനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| **നോവൽ** | | | |
| • നോവൽഭാഗം ഭാവാത്മകമായി ശബ്ദവിന്യാസത്തോടെ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • ആഖ്യാനപരമായ സവിശേഷതകൾ കണ്ടെത്തി വിശകലനം ചെയ്യാനായിട്ടുണ്ട്. | | | |
| • നോവൽഭാഗത്തെ സംഭവങ്ങൾ, മുഹൂർത്തങ്ങൾ എന്നിവ കണ്ടെത്തി ചർച്ചകളിലും മറ്റും അവതരിപ്പിക്കാനായിട്ടുണ്ട്. | | | |

എഴുത്തുകാരെ അറിയുക

## കാളിദാസൻ

വിശ്വവിശ്രുതനായ സംസ്കൃത മഹാകവി. വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാളായി അറിയപ്പെടുന്നു. അനേകം ഐതിഹ്യങ്ങൾ അദ്ദേഹത്തെക്കുറിച്ചു പ്രചാരത്തിലുണ്ട്. മാളവം എന്ന ദേശത്ത് ജീവിച്ചിരുന്നതായി കരുതുന്നു. അഭിജ്ഞാനശാകുന്തളം, മാളവികാഗ്നിമിത്രം, വിക്രമോർവശീയം (നാടകങ്ങൾ), കുമാരസംഭവം, രഘുവംശം (മഹാകാവ്യങ്ങൾ), ഋതുസംഹാരം (ഖണ്ഡകാവ്യം), മേഘസന്ദേശം (സന്ദേശകാവ്യം) എന്നിവയാണ് മുഖ്യകൃതികൾ.



## എ.ആർ. രാജരാജവർമ്മ (1863-1918)

ചങ്ങനാശ്ശേരിയിൽ ജനനം. കേരളപാണിനി എന്നറിയപ്പെടുന്നു. അധ്യാപകൻ, സംസ്കൃതപാഠശാലാ ഇൻസ്പെക്ടർ, സംസ്കൃത കോളേജ് പ്രിൻസിപ്പൽ തുടങ്ങിയ പദവികൾ വഹിച്ചു. കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം, ശബ്ദശോധിനി, മധ്യമവ്യാകരണം തുടങ്ങി ഭാഷയ്ക്ക് അടിസ്ഥാനം നൽകിയ പ്രാമാണികകൃതികളും ഭാഷാകുമാരസംഭവം, മലയാളശാകുന്തളം, മലയവിലാസം, പ്രസാദമാല തുടങ്ങിയ കൃതികളും എ.ആറിന്റെ സംഭാവനകളിൽപ്പെടുന്നു.

## തുഞ്ചത്തെഴുത്തച്ഛൻ

പതിനാറാം നൂറ്റാണ്ടാണ് ജീവിതകാലം. മലപ്പുറംജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂരാണ് ജന്മസ്ഥലമെന്ന് കരുതുന്നു. 'മലയാളഭാഷാപിതാവ്' എന്ന് വിശേഷിപ്പിക്കപ്പെടുന്നു. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട് തികച്ചും മൗലികമായൊരു കാവ്യശൈലി സൃഷ്ടിച്ചു. ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യമാണ് എഴുത്തച്ഛൻ നിർവഹിച്ചത്. അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ.




## വിക്ടർ ഹ്യൂഗോ (1802-1885)

ഫ്രഞ്ച് കവിയും നോവലിസ്റ്റും. നാടകകൃത്ത്, ഉപന്യാസകാരൻ, ദൃശ്യകലാകാരൻ, മനുഷ്യാവകാശപ്രവർത്തകൻ എന്നീ നിലകളിലും പ്രസിദ്ധിനേടി. ഫ്രാൻസിലെ കാൽപ്പനികപ്രസ്ഥാനത്തിലെ ഏറ്റവും പ്രബലനായ വക്താവും വിക്ടർ ഹ്യൂഗോ ആയിരുന്നു. ലോകപ്രശസ്ത നോവലായ 'ലാ മിറാബലെ' (Le Miserables) പ്രധാന കൃതി. നാലപ്പാട്ട് നാരായണമേനോൻ ഈ കൃതി 'പാവങ്ങൾ' എന്ന പേരിൽ പരിഭാഷപ്പെടുത്തി.

*പ്രധാന കൃതികൾ*

Le Miserables, Hunch back of Notredam, The man who laughs, Toilers of the sea



## നാലപ്പാട്ട് നാരായണമേനോൻ (1887 - 1954)

മലയാളസാഹിത്യത്തിൽ ഭാവഗീതപ്രസ്ഥാനത്തിനു നേതൃത്വം നൽകി. വിക്ടർ ഹ്യൂഗോയുടെ ലാ മിറാബലെ പാവങ്ങൾ എന്ന പേരിൽ മൂന്ന് വാല്യങ്ങളായി മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. മലയാളഗദ്യത്തെ അടിമുടി പരിഷ്കരിക്കാനും കൂടുതൽ പാശ്ചാത്യകൃതികൾ മലയാളഭാഷയിലേക്കു വിവർത്തനം ചെയ്യാനും ഈ പരിഭാഷ പ്രേരകമായി.

*പ്രധാന കൃതികൾ*

കണ്ണുനീർത്തുള്ളി (വിലാപകാവ്യം), ചക്രവാളം (കവിത), ആർഷജ്ഞാനം (തത്ത്വചിന്ത), പൗരസ്ത്യദീപം (വിവർത്തനം)

പദകോശം

**ലക്ഷ്മണസാന്ത്വനം**

| | | |
|---|---|---|
| അഹി | - | സർപ്പം |
| അധ്രുവം | - | ചഞ്ചലം, സ്ഥിരമല്ലാത്ത |
| അവിദ്യ | - | അജ്ഞാനം |
| അഹംബുദ്ധി | - | ഞാനെന്ന ഭാവം |
| ആഢ്യോഹം | - | ഞാൻ ആഢ്യനാകുന്നു |
| ആമ്രേഡിതം | - | ആവർത്തിച്ചു പറയൽ |
| ആലോലചേതസാ | - | ചഞ്ചലമനസ്സോടെ |
| ഏകാന്തചേതസാ | - | ഏകാഗ്രമായ മനസ്സോടെ |
| കാലാഹി | - | കാലമാകുന്ന അഹി |
| കാഷ്ഠം | - | തടിക്കഷണം |
| കളത്രം | - | പത്നി |
| ക്ഷണഭംഗുരം | - | നിമിഷംകൊണ്ടു നശിക്കുന്നത് |
| ഗളം | - | കഴുത്ത് |
| ചക്ഷുഃശ്രവണൻ | - | പാമ്പ് (ചക്ഷുസ്സുകൊണ്ട് കേൾക്കുന്നവൻ) |
| ചക്ഷുസ്സ് | - | കണ്ണ് |
| തവ | - | നിന്റെ |
| താന്തർ | - | ക്ഷീണിതർ |
| ത്വങ്മാംസം | - | ത്വക്ക്, മാംസം |
| ദശാന്തരേ | - | മറ്റൊരു അവസ്ഥയിൽ |
| ദർദുരം | - | തവള |
| ദേഹാഭിമാനിനാം | - | ദേഹത്തെക്കുറിച്ച് അഭിമാനിക്കുന്നവർക്ക് |
| ദേഹോഹം | - | ഞാൻ ദേഹമാകുന്നു |
| നരേന്ദ്രോഹം | - | ഞാൻ രാജാവാകുന്നു |
| നിജ | - | നിശ്ചയമുള്ള, തന്നെ സംബന്ധിച്ച |
| നൃണാം | - | മനുഷ്യർക്ക് |
| നദ്യാ | - | നദിയിലൂടെ |
| പഞ്ചഭൂതങ്ങൾ | - | മണ്ണ്, വെള്ളം, വായു, തീ, ആകാശം എന്നിവ |
| പരിഗ്രസ്തം | - | വിഴുങ്ങപ്പെട്ടത് |
| പരിണാമി | - | പരിണാമത്തോടുകൂടിയ, അവസ്ഥാമാറ്റമുള്ളത്, നാശമുള്ളത് |
| പാന്ഥർ | - | വഴിപോക്കർ |
| പുമാൻ | - | പുരുഷൻ, മനുഷ്യൻ |
| മാതൃപിതൃഭ്രാതൃമിത്രസഖി | - | അമ്മ, അച്ഛൻ, സഹോദരൻ, സ്നേഹിതൻ, പത്നി |
| ബ്രാഹ്മണോഹം | - | ഞാൻ ബ്രാഹ്മണനാകുന്നു (ബ്രാഹ്മണഃ+അഹം) |

[redacted]

| | |
|---|---|
| ഭോഗം | - സുഖം |
| ബുധജനം | - അറിവുള്ളവൻ |
| മത്സരാദ്യം | - മത്സരം തുടങ്ങിയവ (കാമക്രോധലോഭമോഹമദമാത്സര്യങ്ങൾ) |
| മോഹൈകഹന്ത്രി | - മോഹത്തെ നശിപ്പിക്കുന്നത് |
| മോക്ഷാർഥി | - മോക്ഷം തേടുന്ന ആൾ |
| രക്താസ്ഥിവിൺമൂത്രം | - രക്തം, അസ്ഥി, മലം, മൂത്രം |
| രാഗാദി | - രാഗം, ദ്വേഷം, മദം, മാത്സര്യം, ലോഭം എന്നിവ |
| രേതസ്സ് | - ബീജം |
| രോഷേണ | - കോപത്താൽ |
| ലക്ഷ്മി | - സമ്പത്ത് |
| ലോഭം | - അത്യാഗ്രഹം |
| ലോഹസ്ഥം | - ലോഹത്തിൽ സ്ഥിതിചെയ്യുന്ന |
| വഹ്നി | - തീ |
| സന്തപ്തം | - ചുട്ടുപഴുത്ത |
| സന്നിഭം | - തുല്യം |
| സൗമിത്രി | - സുമിത്രയുടെ പുത്രൻ (ലക്ഷ്മണൻ) |
| സംഗമം | - ചേർച്ച |
| സംസാരം | - ലൗകികജീവിതം |

**മലയാളശാകുന്തളം**

| | |
|---|---|
| ഗാത്രം | - ശരീരം |
| തരുമൂലഗൃഹസ്ഥർ | - വൃക്ഷമൂലമാകുന്ന ഗൃഹങ്ങളിൽ വസിക്കുന്നവർ |
| താംബൂലരാഗം | - വെറ്റില മുറുക്കിയുണ്ടാകുന്ന ചുവപ്പ് |
| ദലം (ദളം) | - ഇതൾ |
| പുരുസൗധം | - വലിയ മാളിക |
| പുരുവംശോദ്ഭവൻ | - പുരുവംശത്തിൽ ജനിച്ചവൻ |
| ബിംബോഷ്ഠം | - തൊണ്ടിപ്പഴം പോലുള്ള ചുണ്ട് |
| ഭൃശം | - നല്ല പോലെ |
| മഹസ്സഞ്ചയം | - പന്ത്രണ്ടാദിത്യന്മാർ |
| രാഗം | - ചുവപ്പ് |
| വസനദ്വയം | - രണ്ടു വസ്ത്രം |
| വിയോഗദീക്ഷ | - വിയോഗവ്രതം |
| സമ്മോഹം | - അജ്ഞാനം |
| സർവദമനൻ | - എല്ലാറ്റിനേയും അടക്കുന്നവൻ |
| ഹവ്യവാഹകൻ | - അഗ്നി |

**പാവങ്ങൾ**

| | |
|---|---|
| ഗ്രഹപ്പിഴ | - ദൗർഭാഗ്യം |
| തിരികുറ്റി | - വാതിലിന്റെ കുഴ |
| മോൺസിന്യേർ | - മാർപാപ്പ നൽകുന്ന മതപരമായ ഒരു ബഹുമതി |
| സംഭ്രാന്തി | - പേടി |

# 2 അനുഭൂതികൾ ആവിഷ്കാരങ്ങൾ



"അൻപുതരുമന്യരൊടു ബന്ധ,മാബന്ധങ്ങൾ
*നൺപെന്ന മഹിതസൗഭാഗ്യം"

തിരുക്കുറൽ
(തിരുവള്ളുവർ)

*നൺപ് - സൗഹൃദം

ഈ വരികളിലെ ആശയം ചർച്ചചെയ്യുക.

# വിശ്വരൂപം



പട്ടണത്തിന്റെ ഒഴിഞ്ഞ ഭാഗത്തുള്ള ഇടുങ്ങിയ വഴിയുടെ വക്കിൽ ഒരു ചെറിയ വീട്. മുറ്റത്തു തുളസിത്തറ. ചെത്തിയും മഞ്ഞമന്ദാരവും തുളസിയും കാടുപോലെ വച്ചുപിടിപ്പിച്ചിരിക്കുന്നു. മുൻവാതിൽ അടച്ചിരിക്കുകയാണ്. എങ്ങും ഒച്ചയനക്കമില്ല.

തനിക്കു വഴിതെറ്റിയോ? അയാൾ ഒരു നിമിഷം ആലോചിച്ചു. ഇല്ലല്ലോ. മാർഗനിർദേശം ചെയ്തയാൾ കുറിച്ചുകൊടുത്ത കടലാസ് പോക്കറ്റിൽനിന്ന് എടുത്തുനോക്കി. പ്രധാനറോഡിൽനിന്നു താഴോട്ടിറങ്ങുന്ന ഇടവഴിയിലൂടെ നേരെ നടന്നാൽ ഒരു മുടുക്കു കാണാം. അവിടെ രണ്ടു വഴി തിരിയുന്നു. ഇടത്തോട്ടുള്ള പാതയിലൂടെ ചെന്നാൽ മൂന്നാമത്തെ വീടാണ്. ഗേറ്റിൽ വെള്ള കോളാമ്പിച്ചെടി പടർന്നു പൂത്തുകിടക്കുന്നു. മുഖപ്പിൽ ഓം എന്നു കൊത്തിയിട്ടുണ്ട്. ശരി, ഇതൊക്കെത്തന്നെയാണ് ലക്ഷണം. അയാൾ മടിച്ചുമടിച്ചു വാതിലിൽ മുട്ടി. അകത്തു പ്രതികരണമില്ല. ആരും ഇല്ലായിരിക്കുമോ? അതോ?

ഇത്രയും ദൂരം വന്നിട്ട് ആളെ കാണാതെ പോകണമല്ലോ എന്നോർത്തപ്പോൾ അയാൾക്ക് വിഷമം തോന്നി. ഇന്നല്ലെങ്കിൽ ഇനി എന്നാണ് കാണുക? കാണാൻതന്നെ സാധിക്കുമോ? നാളെ രാവിലെ ഒൻപതുമണിക്ക് വിമാനത്തിൽ ബുക്ക് ചെയ്തിരിക്കുന്നു. ഭൂമിയുടെ മറ്റേ ചരിവിലുള്ള അർധഗോളത്തിലേക്കു പോകയാണ് താൻ. പിന്നെ എന്നാണ് മടങ്ങുന്നതെന്ന് ആരറിഞ്ഞു? അന്നത്തേക്കു മിസ്സിസ് തലത്ത് ഉണ്ടാവുമോ? വയസ്സ് എഴുപത്തഞ്ചിൽ കുറയില്ലല്ലോ.

കോളിങ്ബെൽ ഉണ്ടോ എന്നു നോക്കി. ഇല്ല. ഇനിയോ? അയാൾ രണ്ടും കല്പിച്ചു കൈ ചുരുട്ടി കതകിൽ ശക്തിയായി ഇടിച്ചു...വിളിച്ചു:

"ഇവിടെ ആരുമില്ലേ?"

അകത്തു കട്ടിൽ കരയുന്ന ശബ്ദം കേട്ടു. നേരിയ കാൽവയ്പുകൾ. കതകിന്റെ സാക്ഷ പതുക്കെ നീങ്ങി. നരച്ച ഒരു തല പ്രത്യക്ഷപ്പെട്ടു. കൃശമായ ശരീരം. നെറ്റിയിൽ ഭസ്മക്കുറി. കഴുത്തിൽ രുദ്രാക്ഷമാല...

അയാൾ ഒന്നു ഞെട്ടി. ഇങ്ങനെയൊരാളെ കാണാൻ വേണ്ടിയായിരുന്നില്ല താനിവിടെ വന്നത്. ഈ വൃദ്ധ?... ഈ തപസ്വിനി?... അപമര്യാദയെന്നു തോന്നത്തക്കവണ്ണം അയാൾ അവരെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു.

വൃദ്ധയും വല്ലാതെ പരുങ്ങിപ്പോയി. സ്ഥലകാലങ്ങളോട് പൊരുത്തപ്പെടാത്ത ഈ അതിഥി ആരാണ്?

പാശ്ചാത്യനാടുകളിൽനിന്നു പറന്നുവീണ ഒരു യുവാവിനെപ്പോലെയുണ്ട് വേഷം... കണ്ടുമറന്ന ഏതോ രൂപം ഓർത്തെടുക്കാൻ ശ്രമപ്പെടുന്നപോലെ അവർ നെറ്റി തടവി.

അയാൾ വിഷമത്തോടെ പറഞ്ഞു:

"ക്ഷമിക്കൂ വലിയമ്മേ! മിസ്സിസ് തലത്ത് താമസിക്കുന്ന വീട് ഇതാണെന്ന് ഒരാൾ പറഞ്ഞു. അവർ ഇവിടെയുണ്ടോ? ഇല്ലെങ്കിൽ മാപ്പ്...!"

പെട്ടെന്ന് അവരുടെ ഹൃദയത്തിന്റെ അഗാധതയിൽനിന്ന് ഒരാശ്ചര്യശബ്ദമുദിച്ചു:

"നീയോ സുധീർ! നീ.. നീ.. ഇവിടെ... ഇപ്പോൾ..."

ഒരു നീണ്ട തേങ്ങലോടെ അവർ മുന്നോട്ടാഞ്ഞ് അയാളെ കെട്ടിപ്പിടിച്ചു. രൂപംകൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.

ആ വൃദ്ധ ആകെ വിറച്ചിരുന്നു. അവരുടെ ആലിംഗനത്തിൽപ്പെട്ട് അയാൾക്കു ശ്വാസംമുട്ടി. പിടിവിട്ടാൽ പൊയ്ക്കളയുമോ എന്നു പേടിച്ചിട്ടെന്നവിധം മുറുകെമുറുകെ അവർ അയാളെ തഴുകിയിരുന്നു. കണ്ണുകളിൽനിന്ന് നീർ ഒഴുകിയൊഴുകിവീണു-അവരുടേത് അയാളുടെ തലയിലും അയാളുടേത് അവരുടെ തോളത്തും. തങ്ങൾക്ക് രണ്ടുപേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി.

അയാൾ വിചാരിച്ചു- അന്ന് അദ്ദേഹമുണ്ടായിരുന്ന ആ നല്ലകാലത്തെങ്ങും ഇത്ര അടുപ്പമുണ്ടാവാതിരുന്നതെന്തേ?

"ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്നു മാഡം..."

അയാൾ കുറ്റബോധത്തോടെ പറഞ്ഞു: "പക്ഷേ, എനിക്കു നിവൃത്തിയില്ലായിരുന്നു. അദ്ദേഹത്തിനുശേഷം എനിക്കും മാറ്റമായി. ആദ്യം സിഡ്നിയിൽ. പിന്നെ ജപ്പാനിൽ... ജർമ്മനിയിൽ... എട്ടുകൊല്ലം കഴിഞ്ഞ് ഇപ്പോഴാണ് നാട്ടിലേക്കു വരുന്നത്."

മിസ്സിസ് തലത്ത് ദീർഘമായി നിശ്വസിച്ചു:

"അതെ കുഞ്ഞേ! നിനക്ക് പുതിയ ജോലികൾ കിട്ടി. പുതിയ യജമാനന്മാരെയും... നീ തന്നെ യജമാനനായിരിക്കുന്നു. പക്ഷേ, എനിക്കോ...എനിക്ക്..."

കീഴ്ച്ചുണ്ടു വിറച്ചുകൊണ്ടവർ മന്ത്രിച്ചു:

"എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ, എന്നെ കൊണ്ടുപോയില്ല. ആരും കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു...നീ ഇതു കണ്ടുവല്ലോ."

സുധീർ അനുതാപപൂർവം ആ വൃദ്ധയെപ്പറ്റി ഓർത്തു. ഭർത്താവ് മരിച്ചു. കുട്ടികൾ നാലും നാലുവഴിക്കായി. സുപരിചിതമായ ജീവിതരീതികളും മാറി. എങ്കിലും മിസ്സിസ് തലത്ത് ഇപ്പോഴും സ്വന്തം യജമാനത്തിയായിത്തന്നെയിരിക്കുന്നു. ചക്രവർത്തിനിയുടെ ജന്മമാണ് അവർക്ക്. ആരുടെ മുന്നിലും തല കുനിക്കില്ല.

കണ്ണീരടക്കി മുഖം തുടച്ചുകൊണ്ട് അവർ പറഞ്ഞു: "ഇരിക്കൂ സുധീർ, എന്റെ ചാപല്യം ക്ഷമിക്കൂ. നിന്നെ കണ്ടപ്പോൾ അദ്ദേഹത്തെപ്പറ്റി ഓർത്തുപോയി. ഇനിയൊരിക്കലും തമ്മിൽ കാണുമെന്നു വിചാരിച്ചതല്ലല്ലോ."

അവർക്ക് അഭിമുഖമായി ബെഞ്ചിലിരുന്നുകൊണ്ട് അയാൾ പറഞ്ഞു: "അങ്ങനെ പറയരുത്, മാഡം. എനിക്ക് അച്ഛനേക്കാൾ വലുതായിരുന്നു അദ്ദേഹം. അദ്ദേഹമാണെനിക്കു ജോലി തന്നത്. എത്രനാൾ സേവിച്ചു. അപ്പോൾ അങ്ങയെ മറക്കാൻ കഴിയുമോ?"

മിസ്സിസ് തലത്ത് ഒന്നും മിണ്ടിയില്ല. അവർ ജപിക്കുന്നതുപോലെ ചുണ്ടനക്കി വിരലുകൾകൊണ്ട് കണക്കുവയ്ക്കുകയായിരുന്നു. പൂർവകാലസ്മൃതികളിലേക്ക് ആണ്ടുമുങ്ങിയപോലെ. എന്തെങ്കിലും ചോദിക്കണമെന്നുള്ളതുകൊണ്ടു മാത്രം അയാൾ ചോദിച്ചു:



"രമേഷ് എവിടെയാണ്?"

"പാരീസിൽ."

"രവിയോ?"

"ഇന്തോനേഷ്യയിൽ. ആശ ദൽഹിയിലും പ്രേമ ഗുജറാത്തിലും. എല്ലാവരും സുഖമായി കഴിയുന്നു."

കുറച്ചുനേരത്തേക്ക് ഇരുവരും മിണ്ടിയില്ല.

അയാൾ പറഞ്ഞു: "മാഡം ദൽഹിയിലായിരിക്കുമെന്നാ വിചാരിച്ചത്. അദ്ദേഹം മരിച്ചതിനുശേഷം ആശയോടുകൂടിയായിരുന്നല്ലോ. പക്ഷേ, ഇടയ്ക്ക് ഉണ്ണിയെ കണ്ടു. അപ്പഴാണ് നാട്ടിലേക്ക് പോന്നുവെന്നറിഞ്ഞത്. ഇവിടെ വന്ന നാൾമുതൽ ഞാൻ വീടു തിരക്കുകയായിരുന്നു. ഇന്നലെയാണ് ഒരുമാതിരി വിവരം കിട്ടിയത്. അപ്പോൾത്തന്നെ തിരിച്ചു. ഇവിടെ വന്നിട്ടുപോലും സംശയം തീർന്നില്ല...മാഡം ഇങ്ങനെയൊരു സ്ഥലത്ത്...ഇതുപോലെ..."

മാഡം തലത്ത് ചിരിച്ചു: "എന്റെ അച്ഛനമ്മമാർ ഇതിലും മോശമായ വീട്ടിലാണ് കുഞ്ഞേ താമസിച്ചിരുന്നത്. അവിടെയാണ് ഞാൻ വളർന്നത്..."

പെട്ടെന്ന് എന്തോ ഓർത്തപോലെ അവർ എണീറ്റു: "ഓ, നീ വളരെ വഴിനടന്നു വന്നിരിക്കുന്നു. നിനക്ക് ഒന്നും തന്നില്ലല്ലോ. ഇരിക്കൂ. ഇപ്പോൾ വരാം."

മിസ്സിസ് തലത്ത് ഒരു ഗൃഹനായികയുടെ ഗൗരവബോധത്തോടെ എണീറ്റ് അകത്തേക്ക് നടന്നപ്പോൾ പണ്ട് ലണ്ടനിലും ന്യൂയോർക്കിലും വച്ച് കണ്ട മാഡം തലത്തിനെപ്പറ്റി അയാൾ ഓർത്തുപോയി. അവരുടെ സ്വീകരണമുറി പരിചിതവലയത്തിലെല്ലാം പ്രസിദ്ധമായിരുന്നു. അലങ്കാരങ്ങളുടെ അന്തസ്സും സൽക്കാരത്തിന്റെ ഔചിത്യവും സംഭാഷണരസികതയും സർവോപരി തലയുയർത്തിപ്പിടിച്ചുള്ള ചടുലമായ അംഗവിക്ഷേപങ്ങളും ഒരിക്കൽ കണ്ടാൽ മറക്കില്ല. ഔദ്യോഗിക വിരുന്നുകളിലും പൊതുചടങ്ങുകളിലും വച്ച് ഭാരതീയസ്ത്രീത്വത്തിന്റെ അംബാസഡർ എന്നു വിളിക്കാറുണ്ടവരെ. വേഷത്തിലും ഭാവത്തിലും നടപ്പിലും ഒരു മഹാറാണിയുടെ അന്തസ്സു തോന്നും.

താൻ അവരെ ആദ്യം കണ്ട ദിവസത്തെപ്പറ്റി അയാളോർത്തു. ഡോക്ടർ തലത്തിന്റെ സെക്രട്ടറിയായി ചാർജെടുത്ത അന്ന് വൈകിട്ടാണ്. ശാന്തനും പണ്ഡിതനും ഹൃദയാലുവുമായ ഡോക്ടർ ഭാര്യയെ വിളിച്ചു:

"നോക്കൂ, നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ. പക്ഷേ, ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചുനാൾ നമ്മോടുകൂടി താമസിക്കും."

മിസ്സിസ് തലത്ത് ഒരു യജമാനത്തിയുടെ അകൽച്ച പാലിച്ചുകൊണ്ട് മന്ദഹസിച്ചു കൈനീട്ടി. പക്ഷേ, ആ പാണികൾ ഗ്രഹിച്ചപ്പോൾ ഇന്നത്തെപ്പോലെയുള്ള ചൂട് ഇല്ലായിരുന്നുവെന്ന് അയാളോർത്തു.

മിസ്സിസ് തലത്തിന്റെ കുട്ടികൾ നാലുപേരും അന്നും ഇന്നത്തെപ്പോലെ നാലു സ്ഥലങ്ങളിലാണ് താമസം. മൂത്തവൻ കോളേജ് ഹോസ്റ്റലുകളിൽ. ഇളയവർ ബോർഡിങ്ങിൽ. ഒഴിവിന് വല്ലപ്പോഴും വരും. പോകും.

മിസ്സിസ് തലത്ത് കുട്ടികളെ പ്രസവിച്ചുവെന്നു മാത്രം. മുലകൊടുത്തിട്ടില്ല. താരാട്ടുപാടിയിട്ടില്ല. വാശിപിടിച്ചു കരയുമ്പോൾ ശാസിക്കയോ സുഖക്കേടിൽ ശുശ്രൂഷിക്കയോ ചെയ്തിട്ടില്ല. അലങ്കരിച്ച ബൊമ്മകളെപ്പോലെ ഇടയ്ക്ക് ഉമ്മവയ്ക്കാൻ മാത്രം അവർ അടുത്തുവരും.

സ്വീകരണമുറിയിലും ക്ലബ്ബിലും നാടകശാലകളിലും പറന്നുനടക്കുന്ന ഉന്മേഷഭരിതയായ ഈ 'ലേഡി'യെ കണ്ടാൽ ഒന്നു പ്രസവിച്ചതാണെന്നു പോലും ആരും പറകയില്ലല്ലോ. പൗരസ്ത്യസംസ്കാരം മുഴുവൻ അവർ മറന്നിരുന്നു. ഔപചാരികമായി ചിട്ടപ്പെടുത്താതെ ചിരിക്കാനോ കരയാനോ കൂടി അവർക്കു കഴിയുമെന്ന് അയാൾ മനസ്സിലാക്കിയിരുന്നില്ല. അങ്ങനെയുള്ള മാഡം തലത്താണിപ്പോൾ... ആ പ്രൗഢവനിതയാണ്...



ഒരോട്ടുഗ്ലാസിൽ ചൂടുള്ള കാപ്പിയും താലത്തിൽ നെയ്യപ്പവും മലരുമായി മാഡം തലത്ത് മെല്ലെ നടന്നുവന്നു. പണ്ട് തന്റെ അമ്മ നടന്നുവരാറുള്ളതുപോലെ. പലഹാരം അയാളുടെ കൈയിൽ കൊടുത്തു. കാപ്പി ചൂടാറ്റിക്കൊണ്ട് പറഞ്ഞു:

"സുധീറിന് രുചിക്കില്ലായിരിക്കും. ഞാൻ തനിച്ചു പാകം ചെയ്തതാണ്. നിവേദ്യത്തിന്റെ അപ്പവും മലരും... വേലക്കാരി പുറത്തുപോയിരിക്കുന്നു."

അയാൾ അപ്പം മുറിച്ചു വായിൽവച്ചുകൊണ്ട് പറഞ്ഞു: "എന്റെ അമ്മ എന്നും ഉണ്ടാക്കിയിരുന്നതാണ്. അവർ തനിച്ചു പാകം ചെയ്ത് അടുത്തിരുന്നു തീറ്റും. എനിക്കെന്തിഷ്ടമാണെന്നോ! മാഡത്തിന്റെ

കൈകൊണ്ട് ഇതു കിട്ടിയല്ലോ."

അവർ ബെഞ്ചിൽ അയാൾക്കടുത്തിരുന്നു. കാപ്പി ചൂടാറ്റി ഒഴിച്ചുകൊണ്ടിരുന്നു. വീണ്ടും വീണ്ടും അവർ ഒഴിച്ചു. അയാൾ കുടിച്ചു. ചെറിയ ചിരിയോടെ അയാൾ പറഞ്ഞു: "മാഡം എത്രയോ തവണ എനിക്കു കാപ്പി തന്നിട്ടുണ്ട്. എന്നാൽ ഇത്രയും രുചി തോന്നിയിട്ടില്ല. വയററിയാതെ കഴിച്ചുപോവുന്നു."

അവർ തലകുനിച്ചു: "ഞാനും സ്വന്തം കൈകൊണ്ട് പാകപ്പെടുത്തി ഇത്ര താൽപ്പര്യപൂർവം ആർക്കും ഇതുവരെ കൊടുത്തിട്ടില്ല."

മിസ്സിസ് തലത്ത് അൽപ്പനേരം എന്തോ ആലോചിച്ചിരുന്നു. എന്നിട്ടു പറഞ്ഞു: "വീട്ടിനെപ്പറ്റി ഓർക്കുന്നത് ഡോക്ടർ തലത്തിന് ഒരു ലഹരിയായിരുന്നു. തന്റെ അമ്മ...തന്റെ അമ്മൂമ്മ എന്നൊക്കെ വെച്ചാൽ...അദ്ദേഹം പറയാറുണ്ട്- ഡോളീ! ഭാരതസ്ത്രീകൾ എത്ര ഭാഗ്യമുള്ളവരായിരുന്നു! അവർ കൊടുക്കുവാൻ മാത്രമേ പഠിച്ചിരുന്നുള്ളൂ. കൊടുക്കുന്നതിൽനിന്നുമാത്രം എല്ലാം നേടി. അതുകൊണ്ടാണ് അവർ എപ്പോഴും സംതൃപ്തരായിരുന്നത്...നിനക്കതറിയാമോ?"

"അറിഞ്ഞുകൂടായിരുന്നു. ഏറെനാൾ കഴിഞ്ഞ് ഇന്നാണ് എനിക്കതിന്റെ അർഥം മനസ്സിലാവുന്നത്."

സുധീർ ഒന്നും മിണ്ടാതെ ആ വൃദ്ധയുടെ സ്നിഗ്ധമായ മുഖത്തുനോക്കി അപ്പവും മലരും ചവച്ചുകൊണ്ടേയിരുന്നു. അതിന്റെ രുചി അവരാണ് ആസ്വദിക്കുന്നതെന്നു തോന്നും ഇരുവരുടെയും മട്ടു കണ്ടാൽ.

മിസ്സിസ് തലത്ത് ഓർമ്മകളുടെ ഓളക്കുത്തിലേക്കു വഴുതിവീഴുകയായിരുന്നു. അവർ ചോദിച്ചു:

"ന്യൂയോർക്കിലായിരുന്നപ്പോൾ നമ്മുടെ താമസസ്ഥലത്തിന്റെ മുന്നിലുള്ള പാർക്കിൽ ഇളവെയിൽ കായാൻ വന്നിരിക്കാറുള്ള ആ വൃദ്ധനെ ഓർക്കുന്നുണ്ടോ? നീണ്ടുമെല്ലിച്ച് ലേശം കൂനും വിറയലുമുള്ള പാവം കിഴവൻ. അയാളെ എനിക്കന്നു വെറുപ്പായിരുന്നു. എപ്പോഴും മൂക്കട്ട ഒലിക്കും. ചെവി കേട്ടുകൂടാ. കീറിപ്പറിഞ്ഞ പാന്റും തൊപ്പിയും...ഒരു ദിവസം എന്റെ അടുത്തുവന്ന് അയാൾ ചോദിക്കയാണ്:

"മാഡം ഒന്നു ചോദിക്കട്ടെ. നിങ്ങൾ ഇന്ത്യക്കാർ അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിക്കുന്നുവെന്നു കേട്ടിട്ടുണ്ട്. അതു ശരിയാണോ?"

ഞാൻ അങ്ങനെ വിചാരിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. എന്നാലും 'അതെ' എന്നു തലകുലുക്കി.

"അയാൾ പറഞ്ഞു- ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം... ഇന്ത്യ എന്തു നല്ല നാടാണ്!"

സുധീർ ഒന്നും പറഞ്ഞില്ല. മിസ്സിസ് തലത്ത് തുടർന്നു:

"ഞാൻ ഇന്ത്യയിൽ ജനിച്ചു. പക്ഷേ, ജീവിച്ചത് ഇവിടെയല്ലല്ലോ. എന്റെ അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിച്ചിട്ടില്ല. അവസാനകാലത്ത് തുടരെത്തുടരെ അമ്മ എഴുതിയിട്ടും നാട്ടിൽ വന്നു താമസിക്കാനുള്ള മടികൊണ്ട്

പോരാതിരിക്കുകയാണ് ചെയ്തത്. കൊടുത്തതുമാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ."

അയാൾ വികാരഭരിതനായി പറഞ്ഞു:

"അങ്ങനെയല്ല മാഡം. കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്. അന്നു മാറിയ പരിതസ്ഥിതിയായിരുന്നു. അതിൽ അങ്ങേയറ്റം ശോഭിക്കയും ചെയ്തു. ഡോക്ടർ തലത്ത് പറയാറുള്ളത് ഓർമ്മയില്ലേ...? ഡോളിയില്ലെങ്കിൽ ഞാൻ വെറും നിഴലായേനെ. സങ്കീർണമായ പ്രശ്നങ്ങളെല്ലാം അവളുടെ ഒരു ചിരിയിൽ മാഞ്ഞുപോവുന്നു. യഥാർഥ നയതന്ത്രപ്രതിനിധി അവളാണ്."

മിസ്സിസ് തലത്ത് തലകുലുക്കി: "അതെ, ശരിയാണ്. അദ്ദേഹത്തിനു വേണ്ടി രൂപപ്പെടുത്തിയതാണ് എന്റെ ജീവിതം. മറ്റാർക്കുമതിൽ ഇടമില്ലായിരുന്നു. അതുകൊണ്ടാണ് ഞാൻ തനിച്ചു താമസിക്കാനിഷ്ടപ്പെടുന്നത്. ആശ വിളിച്ചു. പ്രേമ വിളിച്ചു. രവിയും നിർബന്ധിക്കാതിരുന്നില്ല. എന്തു പൊള്ളയായ ഭംഗിവാക്കുകൾ! അവർക്കറിയാം, ഈ കിഴവി ക്രമേണ തങ്ങൾക്കൊരു ഭാരമായി വരുകയാണെന്ന്. എന്റെ ജീവിതചര്യ അവർക്കിഷ്ടപ്പെട്ടില്ലെന്നുവരും. അവരുടെ ഇഷ്ടാനിഷ്ടങ്ങളിൽ ഞാനിടപെട്ടു എന്നുവരും. പോരെങ്കിൽ ഞാൻ മാത്രമല്ലല്ലോ അവർക്ക് ബന്ധുവായുള്ളൂ. മകൾക്ക് ഭർത്താവിന്റെയും മകന് ഭാര്യയുടെയും ബന്ധുവലയമുണ്ടല്ലോ. വേണ്ടാ സുധീർ, വേണ്ടാ. ഞാനൊരാശ്രിതയാവാനാഗ്രഹിക്കുന്നില്ല. മറ്റൊന്നുമില്ലെങ്കിലും ഞാൻ ഞാനായി മരിക്കട്ടെ. ഒരു ബന്ധങ്ങളും വേണ്ടാ."

സുധീർ ആ വൃദ്ധയെ മനസ്സിലാക്കുന്നതായി തോന്നി. അയാൾക്ക് അവരോട് ബഹുമാനം തോന്നി. താപസോചിതമായ ഈ വേഷത്തിലും മാഡം തലത്ത്, മാഡം തലത്തുതന്നെയാണ്. ആ അഭിമാനബോധം...അതേ നിശ്ചയദാർഢ്യം...

അയാൾ വാച്ചുനോക്കി. സമയം വളരെയായിരിക്കുന്നു.

എക്സ്പ്രസ് ട്രെയിനിൽ പോയെങ്കിലേ ഇനി വിമാനത്താവളത്തിൽ സമയത്തിനെത്താൻ കഴിയൂ. അയാൾ എണീറ്റു. യാത്രാനുവാദത്തിനെന്നവണ്ണം തലകുനിച്ചു: "മാഡം..."

മിസ്സിസ് തലത്ത് പൊട്ടിച്ചിതറിക്കൊണ്ട് വീണ്ടും അയാളെ കെട്ടിപ്പിടിച്ചു.

"മാഡം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ്; താഴത്തു കുഞ്ഞുക്കുട്ടിയമ്മ. അങ്ങനെ പറഞ്ഞാലേ ഇന്നാട്ടുകാർ അറിയൂ."

സുധീറിന്റെ കണ്ണു നിറഞ്ഞു. അയാൾ അവരുടെ പാദത്തിൽ നമസ്കരിച്ചു: "അതേ, അമ്മ. അവിടുത്തെ കണ്ടില്ലെങ്കിൽ ജീവിതത്തിൽ വലിയൊരു ഭാഗ്യം നഷ്ടപ്പെടുമായിരുന്നു! ഇനിയും വരാം. ഇതെന്റെ വീടാണ്. അവിടുന്ന് അമ്മയാണ്. ഇപ്പോൾ വിട തരൂ..."

മിസ്സിസ് തലത്ത് അയാളുടെ മൂർധാവിൽ കൈവച്ച് അനുഗ്രഹിച്ചു: "നിനക്ക് നന്മ വരട്ടെ, സുധീർ! മിസ്റ്റർ തലത്ത് പറയുമായിരുന്നു, തന്റെ പിൻഗാമിയായി വരുന്ന ആളാണ് ഈ പയ്യനെന്ന്. ഇതു സഫലമാകട്ടെ."

അവർ ഒന്നു നിർത്തി. പിന്നെ തുടർന്നു: "പക്ഷേ, ഒന്ന് ഓർക്കണം. നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ, കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മതന്നെ വളർത്തണം. ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ. പുതിയ ഭാര്യയെ ഇതു പഠിപ്പിക്കൂ. എന്നാൽ അവർക്ക് സുഖമായിരിക്കും."

സുധീർ ഇപ്പോഴാണ് വാസ്തവത്തിൽ ഞെട്ടിയത്. അയാൾ തുറിച്ചുനോക്കി. അവർ തുടർന്നു:

"ഒന്നുമില്ലെങ്കിൽ എല്ലാറ്റിനുമുപരിയായി നല്ല കുറേ ഓർമ്മകളെങ്കിലും നമ്മോടുകൂടി ഉണ്ടാവുമല്ലോ. ഓർമ്മകൾ...അതു മാത്രമേ വാർധക്യത്തിനവകാശപ്പെട്ടതായുള്ളൂ സുധീർ. മടങ്ങിവരുമ്പോൾ ഞാനുണ്ടായി എന്നുവരില്ല. പക്ഷേ, എനിക്കു നിന്റെ മനസ്സിലെങ്കിലും ജീവിക്കണം."

സുധീർ പടിയിറങ്ങിയിട്ടും തിരിഞ്ഞുനോക്കി. വാതിൽക്കൽ നിൽക്കുന്ന ആ വൃദ്ധ-അവരെ താനിന്ന് യഥാർഥമായി കണ്ടിരിക്കുന്നു - മാഡം തലത്തല്ല. ലേഡിയല്ല. സാമൂഹ്യപ്രവർത്തകയല്ല. അമ്മ, വെറും അമ്മ!

എന്തൊരുയർച്ചയായിരുന്നു അത്, എന്തൊരഭിമാനമായിരുന്നു! അമ്മേ! ഭവതി ഭാഗ്യവതിയാണ്. അവസാനമായെങ്കിലും സ്ത്രീയുടെ ഈ വിശ്വരൂപം ദർശിച്ചുവല്ലോ.

ലളിതാംബിക അന്തർജനത്തിന്റെ സമ്പൂർണ കഥകൾ
(ലളിതാംബിക അന്തർജനം)

2PU78H

- "കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്."
  ജീവിതത്തെക്കുറിച്ചുള്ള സുധീറിന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? സമർഥിക്കുക.

- "ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം... ഇന്ത്യ എത്ര നല്ല നാടാണ്."
  വൃദ്ധന്റെ വാക്കുകളോടുള്ള പ്രതികരണം കുറിക്കുക.

- "രാവിലൊന്നുണരുമ്പോളമ്മയ്ക്കു കൈ നീളുന്നൂ
  പൂവുടലേതോ തൊട്ടുതടവാൻ, തഴുകുവാൻ,
  ഏറെ നാളായി കുനുകൂന്തളച്ചുരുൾച്ചാർത്താർ-
  ന്നോരിളംശിരസ്സു തന്മാർചേർന്നിട്ടെന്നാകിലും" - *(ബാലാമണിയമ്മ)*

  ഈ വരികളിൽ ആവിഷ്കരിച്ച മാതൃഭാവം മിസ്സിസ് തലത്ത് എന്ന കഥാപാത്രത്തിന് എത്രത്തോളം ഇണങ്ങുന്നുണ്ട്? കഥ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക.

- "നോക്കൂ, നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ. പക്ഷേ, ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചുനാൾ നമ്മോടുകൂടി താമസിക്കും."

  ഇങ്ങനെ പറയാൻ ഡോ. തലത്തിനെ പ്രേരിപ്പിച്ച ജീവിതപശ്ചാത്തലം എന്താവാം?

- സ്ത്രീത്വത്തിന്റെ വിശ്വരൂപമാണോ ഈ കഥയിൽ ആവിഷ്കരിക്കുന്നത്? ചർച്ചചെയ്യുക.

- • മാഡം തലത്തിനെപ്പറ്റി അയാൾ ഓർത്തുപോയി.
  • അയാൾ അവിടെനിന്ന് പോയി.

  അടിവരയിട്ട പദങ്ങൾക്ക് ഇവിടെ ഒരേ അർഥമാണോ ഉള്ളത്? വിശകലനം ചെയ്യുക. ഇത്തരത്തിലുള്ള കൂടുതൽ പ്രയോഗങ്ങൾ കണ്ടെത്തി സവിശേഷതകൾ വിശദമാക്കുക.

  ചില ഉദാഹരണങ്ങൾ:

  • ആ വാർത്ത കേട്ട് അവൻ അവിടെ നിന്ന് പോയി.
  • ആ വൃദ്ധയുടെ സ്നിഗ്ധമായ മുഖത്തുനോക്കി അപ്പവും മലരും ചവച്ചുകൊണ്ടേയിരുന്നു.

- "കുട്ടികളെ അമ്മതന്നെ വളർത്തണം. ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ."

  – മിസ്സിസ് തലത്തിന്റെ ഈ അഭിപ്രായം ലിംഗസമത്വം, കുട്ടികളുടെ അവകാശങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.



കുമാരനാശാന്റെ
'നളിനി' എന്ന ഖണ്ഡകാവ്യത്തിലെ
ഭാഗമാണിത്.
നളിനിയും ദിവാകരനും
കളിക്കൂട്ടുകാരായിരുന്നു
– ഒരുമിച്ച് പാഠശാലയിൽ പോയവർ,
സ്നേഹം പങ്കുവച്ച് വളർന്നവർ.
യുവാവായ ദിവാകരൻ
സന്ന്യാസത്തിൽ തൽപ്പരനായി
നാടുവിട്ടു പോയി.
തന്റെ വിവാഹം
നിശ്ചയിച്ചതറിഞ്ഞ്
വീടുവിട്ടിറങ്ങി,
പൊയ്കയിലേക്ക് എടുത്തുചാടിയ
നളിനിയെ
ഒരു സന്ന്യാസിനി രക്ഷപ്പെടുത്തുന്നു.
വർഷങ്ങൾക്കു ശേഷം
ഹിമാലയത്തിൽ സന്ന്യാസിയായി
കഴിയുന്ന ദിവാകരനെ
നളിനി കണ്ടുമുട്ടുന്നതും
തന്നെ പരിചയപ്പെടുത്തിക്കൊണ്ട്
സ്മരണകൾ
പങ്കുവയ്ക്കുന്നതുമാണ്
പാഠഭാഗം.

# പ്രിയദർശനം

"കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ; ഭവാനു പ-
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ.

പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ കൊതിച്ചു ഞാൻ
കേണുവാണിവിടെ, യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ.

സന്ന്യസിച്ചളവുമാസ്ഥയാൽ ഭവാൻ
തന്നെയോർത്തിഹ തപസ്സിൽ വാണു ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും."

ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ,
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം.

ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം;
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം.



ആരതെന്നുടനറിഞ്ഞു കൗതുകം
പാരമാർന്നു കരുതിപ്പുരാഗതം,
ചാരുശൈശവകഥയ്ക്കുതന്നെ ചേർ-
ന്നോരു വാക്കരുളിനാൻ കനിഞ്ഞവൻ.

"പാരവും പരിചയം കലർന്നെഴും
പേരുമീ മധുരമായ കണ്ഠവും
സാരമായ് സ്മൃതിയിൽ നീയുമിപ്പൊൾ നിൻ
ദൂരമാം ഭവനവും വരുന്നയേ!

കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽ വേണ്ട സഖി, കേണിടേണ്ട കേൾ,
പണ്ടു നിന്നെയൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ.

എന്നിൽ നിന്നണുവുമേൽക്കിലപ്രിയം
നിന്നു കേഴുമയി! കണ്ടിടുന്നിതേ
നിന്നിലിപ്രണയചാപലത്തെ ഞാ-
നന്നുമിന്നുമൊരുപോലെ വത്സലേ!

പോയതൊക്കെയഥവാ നമുക്കയേ,
പ്രായവും സപദി മാറി കാര്യവും,
ആയതത്വമറിവിന്നുമാർന്നു, - പോ-
ട്ടായതെന്തിവിടെ വാണിടുന്നു നീ?

ഓതുകിന്നതഥവാ വൃഥാ ശുഭേ
ഹേതു കേൾക്കുവതൊരർഥമേതിനോ
നീ തുനിഞ്ഞു - നിജകർമ്മനീതരാ-
യേതുമാർഗമിയലാ ശരീരികൾ.

പിന്നെയൊന്നൊരുപകാരമേതിനോ-
യെന്നെയോർത്തു സഖി, ഏതതോതുക;
അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ, വിവേകികൾ."

നളിനി
(എൻ. കുമാരനാശാൻ)

- 'ഭവാനു പണ്ടിഷ്ടയാം 'നളിനി' ഞാൻ'-
  നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന് കാരണമെന്താവാം? ചർച്ചചെയ്യുക.

2Q43AA

- "ധീരനായ യതി നോക്കി തന്വിതൻ
  ഭൂരിബാഷ്പപരിപാടലം മുഖം;
  പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
  ധാരയാർന്ന പനിനീർസുമോപമം."
  - ദിവാകരനെയും നളിനിയെയും സൂചിപ്പിക്കാൻ ഈ കാവ്യഭാഗത്തുപയോഗിച്ച പദങ്ങൾ ഏതെല്ലാം?
  - പ്രഭാതത്തിലെ സൂര്യസാന്നിധ്യം കൊണ്ട് പനിനീർപ്പൂ വികസിക്കുന്നതുപോലെ എന്ന പ്രയോഗം സന്ദർഭത്തിനു മിഴിവേകുന്നതെങ്ങനെ?

    ഈ വരികളിലെ ചമൽക്കാരഭംഗി കണ്ടെത്തി വിവരിക്കുക.

- "പോയതൊക്കെയഥവാ നമുക്കയേ
  പ്രായവും സപദി മാറി കാര്യവും"
  ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക.

- "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
  ദിഷ്ടമീ വടിവിയന്നു വന്നപോൽ
  ദൃഷ്ടനായിഹ ഭവാൻ! ഭവാനുപ-
  ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!"
- "കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
  ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ,
  പണ്ടു നിന്നെയൊരിളംകുരുന്നതായ്
  കണ്ടു ഞാൻ, സപദി വല്ലിയായി നീ"

വരികളിലെ കാവ്യപരമായ സവിശേഷതകൾ കണ്ടെത്തിയെഴുതുക.

കവിതാഭാഗങ്ങൾ താളത്തിൽ ചൊല്ലിയവതരിപ്പിക്കുക.

- ''രാഗങ്ങളോരോന്നേ ഗോകുലനായകൻ
  മേളം കലർന്നങ്ങു പാടുന്നേരം
  വൃന്ദാവനംതന്നിലുള്ളൊരു ജീവികൾ
  നന്ദിച്ചുനിന്നുതേ മന്ദം മന്ദം."

  *- കൃഷ്ണഗാഥ (ചെറുശ്ശേരി)*
- "തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
  ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
  മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
  ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി."

  *- കാളകൾ (പി. ഭാസ്കരൻ)*
- "പ്രാണനോടുമൊരുനാൾ ഭവൽപദം
  കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
  കേണുവാണിവിടെ; യേകുമർഥിയാം
  പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ."

  *- നളിനി (കുമാരനാശാൻ)*

ഈ വരികൾ ഒരേ താളത്തിൽ ചൊല്ലാനാവുന്നുണ്ടോ? എന്തുകൊണ്ടാണ് താള വ്യത്യാസം അനുഭവപ്പെടുന്നത്? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.


"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"

*- കുമാരനാശാൻ*

"അവനവനാത്മസുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായി വരേണം."

*- ശ്രീനാരായണഗുരു*

നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രകൃതിദുരന്തത്തെയാണ് കേരളം അതിജീവിച്ചത്. ഇവിടെ രക്ഷകരായത് നമ്മുടെ സ്വന്തം സൈന്യമെന്ന് പ്രകീർത്തിക്കപ്പെട്ട മത്സ്യത്തൊഴിലാളികളും വിവിധ സേനാവിഭാഗങ്ങളും യുവാക്കളും നാട്ടുകാരുമാണ്. മഹത്തായ ഈ രക്ഷാപ്രവർത്തനദൗത്യത്തെയും മുകളിൽ നൽകിയ വരികളിലെ സന്ദേശത്തെയും ഉൾപ്പെടുത്തി 'കേരളം ലോകത്തിനു മാതൃക' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.



# കടൽത്തീരത്ത്

വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ട നിലവിളി ഉയർന്നു. അപ്പുറത്ത് അമ്മിണിയുടെ വീട്ടിലും അതിനുമപ്പുറത്ത് മുത്തുരാവുത്തന്റെ വീട്ടിലും ആളുകൾ ശ്രദ്ധാലുക്കളായി, വിഷാദവാന്മാരായി. ആ വീടുകൾക്കുമപ്പുറത്ത് പാഴുതറയിലെ അമ്പതിൽ ചില്വാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു. വെള്ളായിയപ്പൻ കണ്ണൂരിലേക്കു പോവുകയാണ്. വെള്ളായിയപ്പന്റെ കൂടെ തീവണ്ടി കയറാൻ പണമുണ്ടായിരുന്നെങ്കിൽ അമ്മിണിയേടത്തിയും മുത്തുവണ്ണനും നാകേലച്ചനും കോമ്പിപ്പൂശാരിയും പിന്നെ പാഴുതറയിലുള്ളവരത്രയുംതന്നെ കണ്ണൂരിലേക്കു പോകുമായിരുന്നു. കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനുവേണ്ടിയായിരുന്നു. വെള്ളായിയപ്പൻ കുടിയിരുപ്പുകൾ വിട്ട് നെടുവരമ്പത്തൂടെ പാടം മുറിച്ചു നടന്നു. പിന്നിൽ നിലവിളി അകന്നു ശമിച്ചു. ഇപ്പോൾ നെടുവരമ്പു വിട്ട് വെള്ളായിയപ്പൻ പറമ്പിലേക്കു കയറി. പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.

"ദെയിവങ്ങളേ, തമ്പിരാക്കന്മാരേ" - വെള്ളായിയപ്പൻ വിളിച്ചു.

ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റു പിടിച്ചു. പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി. പനമ്പട്ടകൾ സംസാരിക്കുന്നതുപോലെ. പനമ്പട്ടകളിൽ ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ. തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി. തന്റെ കോടച്ചി ഈ ചോറുപൊതി കെട്ടുമ്പോൾ അതിലേക്ക് ഒരു പാടു കണ്ണുനീർ വീഴ്ത്തിയിരിക്കണം. കണ്ണുനീരിന്റെ ഓതം തോർത്തിന്റെ കെട്ടിലൂടെ കുതിർന്നുപിടിക്കുന്നു. തീവണ്ടിയാപ്പീസെത്താൻ ഇനിയും നാലുകല്ലു നടക്കണം. കുറച്ചു നടന്നപ്പോൾ കുട്ട്യസ്സൻമാപ്പിള എതിരേ വരുന്നു. കുട്ട്യസ്സൻമാപ്പിള ആദരവോടെ വഴി മാറിനിന്നു.

"വെള്ളായിയേ" - മാപ്പിള പറഞ്ഞു.



"മരയ്ക്കാരേ" - വെള്ളായിയപ്പൻ പ്രതിവചിച്ചു.

അത്രമാത്രം. രണ്ടു വാക്കുകൾ, പേരുകൾ. എന്നാൽ, ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണപരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ട്യസ്സൻമാപ്പിളയും അറിഞ്ഞു.

'മരയ്ക്കാരേ, നിങ്ങൾക്കു ഞാൻ പതിനഞ്ചു റുപ്പിക കടം വീട്ടാനുണ്ട്. അല്ല, പതിനഞ്ചു റുപ്പികയും നാലണയും.'

'വെള്ളായി ഈ യാത്രയിൽ അതിനെക്കുറിച്ച് ഓർക്കരുത്.'

'മരയ്ക്കാരേ, ഇനിയൊരിക്കലും എനിക്കത് വീട്ടാൻ കഴിഞ്ഞെന്നുവരില്ല.'

'വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെതന്നെയിരിക്കട്ടെ.'

'എന്റെ ഉള്ളുപൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു.'

'പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ.'

കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി. കുട്ട്യസ്സൻമാപ്പിളയെ വിട്ടുകൊണ്ട് വെള്ളായിയപ്പൻ യാത്ര തുടർന്നു. ഇനിയും നാലുകല്ലു നടക്കണം. വഴിയിൽ പിന്നെയും ഒരഭിമുഖം, നീലിമണ്ണാത്തി. അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഞാത്തി എതിരേ വന്ന നീലി വഴിമാറി നിന്നു.

"വെള്ളായിച്ചോ" - അവൾ പറഞ്ഞു. അത്ര മാത്രം.

"നീലിയേ" - വെള്ളായിയപ്പൻ പറഞ്ഞു. അത്രമാത്രം.

രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്കു സാന്ത്വനത്തിന്റെ നിറവ്. വെള്ളായിയപ്പൻ നടന്നു.

ചവിട്ടടിപ്പാത വെട്ടുവഴിയിൽ ചേർന്നു. വെള്ളായിയപ്പൻ വെട്ടുവഴിയിലൂടെ നടന്നു. വെട്ടുവഴി പുഴയിലേക്കിറങ്ങി. പുഴ കടന്നു മേടു കയറിയാൽ പിന്നെ തീവണ്ടിയാപ്പീസിലേക്കുള്ള വഴിയാണ്. പുഴമണലിൽനിന്ന് വെള്ളായിയപ്പൻ പുഴവെള്ളത്തിലേക്കിറങ്ങി. കാൽവണ്ണയെ തഴുകിക്കൊണ്ട്, പരൽമീനുകളെ പേറിക്കൊണ്ട് പുഴ ഒഴുകി. പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി. അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്. ഇളംചൂടുള്ള വെള്ളം, അതൊക്കെയും ഓർമ്മിപ്പിച്ചു. പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു.

തീവണ്ടിയാപ്പീസിലെത്തിയ വെള്ളായിയപ്പൻ ചീട്ടു വാങ്ങുന്നേടത്ത് വരിയിൽ നിന്നു. ഉടുമുണ്ടിന്റെ കോന്തലയഴിച്ചു പണം പുറത്തെടുത്തു.

"കണ്ണൂര്," വെള്ളായിയപ്പൻ പറഞ്ഞു. ഗുമസ്തൻ ചീട്ടെടുത്ത് അച്ചു കുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ യാത്രയിൽ ഒരു ഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പനു തോന്നി. ചീട്ടിനെ മുണ്ടിന്റെ കോന്തലയിൽ കെട്ടി വെള്ളായിയപ്പൻ പടവു കയറി പ്ലാറ്റ്ഫോറത്തിലെത്തി ബെഞ്ചിൽ വണ്ടിക്കായി കാത്തിരുന്നു. അകലെ സൂര്യൻ താഴുന്നു. ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നു കൂടുപറ്റുന്നു. മുണ്ടകപ്പാടത്തിന്റെ വരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അദ്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു. അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി

നടക്കുന്ന സ്വന്തം അപ്പനെ ഓർത്തു. രണ്ടു ചിത്രങ്ങൾ; അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിലെന്നപോലെ, രണ്ടു വാക്കുകൾക്കിടയിലെന്നപോലെ എന്തിന്റെയൊക്കെയോ നിറവ്. ബെഞ്ചിൽ ബാക്കിയുണ്ടായിരുന്ന സ്ഥലത്തു വന്ന് ഇരുപ്പുറപ്പിച്ച ഒരു കാരണവർ ചോദിച്ചു: "കോയമ്പത്തൂർക്കോ?"

"കണ്ണൂര്ക്ക്" -വെള്ളായിയപ്പൻ പറഞ്ഞു.

"നാന് കോയമ്പത്തൂര്ക്കാണ്."

"ഓ."

"കണ്ണൂര്വണ്ടി പത്തുമണിയാകും."

"ഓ."

"കണ്ണൂര് എന്താ പണി?"

"വിചേഴിച്ച് ഒന്നുവില്ല."

"വെറ്തെ പുഗ്ഗാണ്?"

അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി. പാഴുതറയുടെ നെടുവരമ്പു കടന്നാൽ ലോകം മുഴുവൻ അപരിചിതരാണ്. അപരിചിതരുടെ താൽപ്പര്യരഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറുകളായി. കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തേ വരുകയാൽ ബെഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റുപോയി. വെള്ളായിയപ്പൻ തനിച്ചായി. ചോറുപൊതി അഴിക്കാൻ തോന്നിയില്ല. തുവർത്തിലൂടെ പുറത്തേക്കു കുതിർന്ന അതിന്റെ നനവിൽ കൈവച്ചുകൊണ്ട് വെള്ളായിയപ്പൻ ഇരുന്നു. അങ്ങനെ ഇരുന്ന് ഉറങ്ങി. ഉറക്കത്തിൽ കിനാവു കണ്ടു. കിനാവിൽ വെള്ളായിയപ്പൻ പറഞ്ഞു: 'കണ്ടുണ്ണിയേ, മകനേ.'

തീവണ്ടിയുടെ ചീറ്റലും നടുക്കവും വെള്ളായിയപ്പനെ ഉണർത്തി. വെള്ളായിയപ്പൻ തട്ടിപ്പിടഞ്ഞ് എഴുന്നേറ്റു. മുണ്ടിന്റെ കോന്തലയിലെ ചീട്ട് അവിടെത്തന്നെയുണ്ടോ എന്നു നോക്കി നിജം വരുത്തി. പതുക്കെ വണ്ടിയിലേക്കു നടന്നു. ഒഴിവ് കണ്ടിടത്തു കേറാൻ തുടങ്ങി.

"ഇത് ഒന്നാംക്ലാസ്സാണ്, കാർന്നോരേ."

"തന്നെ?"

"അപ്പുറത്തെ പെട്ടിയിൽ."

"റിസർവ്ഡ് ആണ്."

"തന്നെ?"

"അപ്പുറത്തു നോക്കിക്കോളൂ, കാർന്നോരേ."

അപരിചിതരുടെ സ്വരങ്ങൾ.

ഒടുവിൽ ഒരു പെട്ടിയിൽ കയറിക്കൂടി. ഇരിക്കാനിടമില്ല. പിടിച്ചു നിൽക്കാം. ഞാൻ നിന്നുകൊള്ളാം. എനിക്കുറങ്ങേണ്ട. ഈ രാത്രിയിൽ എന്റെ മകൻ ഉറക്കമിളയ്ക്കുന്നു. തീവണ്ടിയുടെ താളം, നിലം മാറുന്നതിനനുസരിച്ച് അതിന്റെ താളഭേദം, വഴിവിളക്കുകൾ, പുഴമണൽത്തിട്ടുകൾ, മരങ്ങൾ. വളരെ മുമ്പൊരിക്കലാണ് തീവണ്ടിയിൽ സഞ്ചരിച്ചിട്ടുള്ളത്; പകലിന്റെ വെളിച്ചത്തിൽ. ഇതു രാത്രിവണ്ടിയാണ്. മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകളുള്ള ഒരു തുരങ്കത്തിലൂടെ അതു പായുന്നു.

കണ്ണൂരെത്തിയപ്പോൾ നേരം പുലർന്നിട്ടില്ല. അപ്പോഴും കെട്ടഴിക്കാതെ പൊതിച്ചോറ് കൈയിലിരുന്നു. ഗെയ്റ്റിൽ ചീട്ടു തിരിച്ചുകൊടുത്തുകൊണ്ട് വെള്ളായിയപ്പൻ പുറത്തുകടന്നു. ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന. തീവണ്ടിയാപ്പീസിന്റെ മുറ്റത്തു കൂട്ടംതെട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടി വേണോ എന്ന് വെള്ളായിയപ്പനോടു ചോദിച്ചില്ല. വെള്ളായിയപ്പൻ ചോദിച്ചു: "ജയിലിലിക്ക് ഏതിയാണ് വഷി?"

ആരോ ചിരിച്ചു. ഇതാ, ഒരു കിഴവൻ നേരം പുലരുന്നതിനുമുമ്പു ജയിലിലേക്കുള്ള വഴി തേടുന്നു. വീണ്ടും ആരോ ചിരിച്ചു: "കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം." അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി.

അവസാനം ആരോ വഴി പറഞ്ഞുകൊടുത്തു. വെള്ളായിയപ്പൻ നടന്നു. കാക്കക്കരച്ചിലോടെ മുകളിൽ പതുക്കെ ആകാശങ്ങൾ തെളിഞ്ഞു.

ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു.

"എങ്ങട്ടാ ഈ രാവിലെ?"

വെള്ളായിയപ്പൻ വെങ്ങി. ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു. എന്നിട്ട് പതുക്കെ മുണ്ടിന്റെ കോന്തലയഴിച്ചു മഞ്ഞനിറത്തിലുള്ള ഒരു കടലാസ് പുറത്തെടുത്തു. കടലാസ് ചുരുണ്ട് അലങ്കോലമായിരുന്നു.

"എന്താത്?" പാറാവുകാരൻ ചോദിച്ചു.

വെള്ളായിയപ്പൻ കടലാസ് പാറാവുകാരനെ ഏൽപ്പിച്ചു. പാറാവുകാരൻ കടലാസിലേക്കു നോക്കിയില്ല. വെള്ളായിയപ്പൻ പറഞ്ഞു: "എന്റെ കുട്ടി ഇബ്ടെ ഇണ്ടു."

"ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?" പാറാവുകാരൻ പരുക്കനായി പറഞ്ഞു: "ആപ്പീസ് തൊറക്കട്ടെ."

ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

"നാളെയാണ്, അല്ലേ?" പാറാവുകാരൻ പറഞ്ഞു.

"എയ്ക്കി പിടിയില്ല" - വെള്ളായിയപ്പൻ പറഞ്ഞു: "കടലാശില് എന്ത്ാണ് എഷ്തിക്കെട്ക്ക്ണത്, ആവോ?"

പാറാവുകാരൻ കടലാസിലെ വിവരങ്ങൾ ഒരിക്കൽക്കൂടി ശ്രദ്ധിച്ചു വായിച്ചു.

"അതെ, നാളെ രാവിലെ അഞ്ചുമണിക്ക്" - അയാൾ പറഞ്ഞു.

വെള്ളായിയപ്പന്റെ കണ്ണുകൾ വിടർന്നു. അവയിൽ അന്ധാളിപ്പു നിറഞ്ഞു.

"തന്നേ?" വെള്ളായിയപ്പൻ പറഞ്ഞു.

"കാർന്നോര് ഇവിടെ ഇരിക്കൂ."

"ഓ."

ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ.

"കാർന്നോർക്ക് ചായയോ മറ്റോ വേണോ?"

"വേണ്ട."

എന്റെ മകൻ ഈ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല. ഉറങ്ങാതെ, ഉണരാതെ അവനു ചായ കുടിക്കാൻ മനസ്സുവരുന്നതെങ്ങനെ? വെള്ളായിയപ്പന്റെ കൈപ്പടം പൊതിച്ചോറിലമർന്നു. മകനേ, ഈ പൊതിച്ചോറ് നിന്റെ അമ്മ എനിക്കു വേണ്ടി പൊതിഞ്ഞതാണ്. യാത്രയിൽ ഞാൻ അതു കഴിക്കാതെ ഇവിടം വരെ എത്തിച്ചു. ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ. തുവർത്തിനകത്ത് കെട്ടഴിക്കാതെ കിടന്ന പാഥേയം പുളിച്ചു. നേരം പതുക്കെപ്പതുക്കെ വെളുത്തു. നേരം പതുക്കെപ്പതുക്കെ കനച്ചു.

ആപ്പീസ് തുറന്നു. ആളുകൾ മേശകൾക്കു പിറകിൽ സ്ഥലം പിടിച്ചു. പാറാവുകാർ കവാത്തു നടത്തി. തടവറ സജീവമായി.

മേധാവികൾ കടലാസ് പരിശോധിക്കുന്നു. മേധാവികൾ ഉത്തരവിടുന്നു. ഉത്തരവുകളുടെ അപരിചിത സ്വരങ്ങൾ. വിദ്വേഷവും നിന്ദയും പകയുമില്ലാത്ത കുരുക്കുകൾ, അവ ചുറ്റിപ്പിടിച്ചു ശ്വാസംമുട്ടിക്കുന്നു. വെയിലിനു ചൂടു കൂടുന്നു.




"ഇവിടെ കാത്തിരിക്കൂ." വെള്ളായിയപ്പൻ കാത്തിരിക്കുന്നു.

നീണ്ടുനീണ്ട കാത്തിരിപ്പിനു ശേഷം ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. വെയിലിന്റെ ചൂടറിയാത്ത തണുത്ത ഇടനാഴികൾ.

ഇതാ ഇവിടെയാണ്. ഇരുമ്പഴികൾക്കു പിന്നിൽ കണ്ടുണ്ണി നിന്നു.

അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി. സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത മനസ്സിന്റെ മറ. പാറാവുകാരൻ അഴിവാതിൽ തുറന്ന് വെള്ളായിയപ്പനെ അകത്തു പ്രവേശിപ്പിച്ചു. അച്ഛനും മകനും നേരോടുനേരായി തെല്ലിടനേരം നിന്നു. പിന്നെ

വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. വെള്ളായിയപ്പൻ കരഞ്ഞു വിളിച്ചു: "മകനേ!"

കണ്ടുണ്ണി മറുവിളി വിളിച്ചു: "അപ്പാ!"

രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.

'മകനേ, നീ എന്തു ചെയ്തു?'

'എനിക്കോർമ്മയില്ല, അപ്പാ.'

'മകനേ, നീ കൊലപാതകം നടത്തിയോ?'

'എനിക്കോർമ്മയില്ല.'

'സാരമില്ല മകനേ, ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല.'

'പാറാവുകാർ ഓർമ്മിക്കുമോ?'

'ഇല്ല മകനേ.'

'അപ്പൻ എന്റെ വേദന ഓർമ്മിക്കുമോ?'

ഉച്ചസ്ഥായിയിലുള്ള നിശ്ശബ്ദമായ നിലവിളി: "അപ്പാ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ."

രണ്ടു വാക്കുകൾക്കിടയ്ക്ക് ഈ വിനിമയമത്രയും.

"കാർന്നോരേ, പൊറത്തു വരൂ. സമയം കഴിഞ്ഞു."

വെള്ളായിയപ്പൻ പുറത്തു വരുന്നു. അയാൾക്കു പിന്നിൽ ഇരുമ്പഴിവാതിൽ അടയുന്നു. നീങ്ങുന്ന തീവണ്ടിമുറിയിൽനിന്നു പുറത്തേക്കു നോക്കും പോലെ, ഇരുമ്പഴിയി



ലൂടെ പുറത്തേക്കു നോക്കിക്കൊണ്ട് അപരിചിതനായി കണ്ടുണ്ണി നിന്നു. അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു.

ജയിലിന്റെ പരിസരങ്ങളിൽ വെള്ളായിയപ്പൻ അങ്ങുമിങ്ങുമായി കാത്തു കിടന്നു. സൂര്യൻ ഉച്ചിയിലെത്തി. നേരം താണു. ഈ രാത്രിയിൽ കണ്ടുണ്ണി ഉറങ്ങുമോ? രാത്രി പിന്നിടുന്നു. മതിലുകൾക്കകത്ത് കണ്ടുണ്ണി ജീവിക്കുന്നു.

പുലർച്ചയ്ക്കു മുമ്പു കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു. അതു വധശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിഞ്ഞിരുന്നില്ല. രാവിലെ അഞ്ചുമണിക്കാണെന്ന് അവർ പറഞ്ഞിരുന്നു. കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.

ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽനിന്ന് ഏറ്റുവാങ്ങി.

"കാരണവർക്കു താൽപ്പര്യമുള്ളപോലെ ശവം സംസ്കരിക്കാം."

"വേ്ണ്ട. എനിക്കു താൽപ്പര്യമില്ല."


"ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ?"

"യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല."

ഉന്തുവണ്ടിയുടെ പിറകെ തോട്ടികളുടെകൂടെ വെള്ളായിയപ്പൻ നടന്നു. പട്ടണത്തിനു പുറത്തുള്ള വെളിനിലങ്ങൾക്കു മുകളിൽ കഴുകന്മാർ ചുറ്റിപ്പറന്നു. മണ്ണുമൂടുന്നതിനുമുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു. ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു.

വെള്ളായിയപ്പൻ വെയിലത്ത് അലഞ്ഞുനടന്ന് കടൽപ്പുറത്തെത്തി; ആദ്യമായി കടൽ കാണുകയാണ്. കൈപ്പടങ്ങളിൽ എന്തോ നനഞ്ഞുകുതിരുന്നു. കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെ വിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

കടൽത്തീരത്ത്
(ഒ.വി. വിജയൻ)



- "ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന."
  "പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു."

  ഗദ്യഭാഷയും കാവ്യാത്മകമാണ്. കഥയിലെ കാവ്യാത്മകമായ ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി വിവരിക്കുക.

- "രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്."

  ഇത്തരത്തിൽ അർഥപൂർണങ്ങളായ മൗനങ്ങളാണ് കഥയെ പൂരിപ്പിക്കുന്നത്. ചർച്ചചെയ്യുക.

- "പൊതിച്ചോറിന് കഥയിൽ സവിശേഷമായ സ്ഥാനമാണുള്ളത്."
  കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോടു പ്രതികരിക്കുക.

- "മലയിൽ ആറ്റിത്തണുപ്പിച്ച വെയില്, ചുരത്തിലൂടെ മലവെള്ളംപോലെ ആർത്തിരമ്പി പാലക്കാട്ടേയ്ക്ക് വീശുന്ന കിഴക്കൻകാറ്റ്."

  "ഊണുകഴിച്ച് പായവിരിച്ച് ഉറങ്ങാൻ കിടന്നു. വർഷങ്ങൾക്കുശേഷം ആദ്യമായി എയർക്കണ്ടീഷണറില്ലാതെ ഉറങ്ങുകയാണ്. പുറത്ത് കാറ്റിന്റെ ഗാഢമായ ശബ്ദം.

  ചുരത്തിലൂടെ കടലേറ്റംപോലെ കിഴക്കൻകാറ്റ് തിരതല്ലി."

  "തസ്കരനെ വാല്മീകിയാക്കിയ ഏട്ടന്റെ കരുണ ആ കാറ്റിൽ നിറഞ്ഞു."

  *- കാറ്റ് പറഞ്ഞ കഥ (ഒ.വി. വിജയൻ)*

  ഒ.വി. വിജയന്റെ കഥകളിൽ കാറ്റ് ശക്തമായ സാന്നിധ്യമാണ്. കാറ്റ് പറഞ്ഞ കഥ, കടൽത്തീരത്ത് എന്നീ കഥകൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

- 'കടൽത്തീരത്ത്' എന്ന കഥയ്ക്ക് ആസ്വാദനം തയാറാക്കുക.
  - കഥാപാത്രസൃഷ്ടിയിലെ സവിശേഷതകൾ
  - രചനാതന്ത്രം
  - ആഖ്യാനശൈലി, ഭാഷ
  - പാരിസ്ഥിതികപശ്ചാത്തലം
  - സാമൂഹികപശ്ചാത്തലം

2QLUDK

സ്നേഹബന്ധത്തിന്റെ വ്യത്യസ്തതലങ്ങൾ വിശ്വരൂപം, പ്രിയദർശനം, കടൽത്തീരത്ത് എന്നീ പാഠഭാഗങ്ങളിൽ വായിക്കാം.

ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപം മാത്രം |
|---|---|---|---|
| • പാഠഭാഗങ്ങളിലെ പ്രധാനാശയങ്ങൾ കണ്ടെത്തി സന്ദർഭോചിതം അവതരിപ്പിക്കാൻ കഴിഞ്ഞു. | | | |
| • ആഖ്യാനരീതികളിലെ വ്യത്യാസം തിരിച്ചറിയാൻ സാധിച്ചിട്ടുണ്ട്. | | | |
| • ചർച്ചയിൽ പങ്കെടുത്ത് കാഴ്ചപ്പാടുകൾ യുക്തിപൂർവം അവതരിപ്പിക്കാൻ കഴിഞ്ഞു. | | | |
| • പ്രയോഗങ്ങൾ, ശൈലികൾ എന്നിവയുടെ ഔചിത്യവും ഭംഗിയും വിശകലനം ചെയ്യാൻ കഴിഞ്ഞു. | | | |
| • കവിത താളത്തിലും ഈണത്തിലും ആലപിക്കാൻ സാധിച്ചു. | | | |
| • വരികൾ വ്യാഖ്യാനിച്ച് ആശയങ്ങൾ കണ്ടെത്താൻ സാധിച്ചു. | | | |
| • ചമൽക്കാരങ്ങൾ, ബിംബങ്ങൾ എന്നിവ കണ്ടെത്തി വ്യാഖ്യാനിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |

### എഴുത്തുകാരെ അറിയുക



## ലളിതാംബിക അന്തർജനം
**(1909 – 1987)**

മലയാളത്തിലെ പ്രമുഖ കഥാകാരി. കൊട്ടാരക്കരയിലെ കോട്ടവട്ടത്ത് ജനിച്ചു. കേരള സാഹിത്യ അക്കാദമിയുടെ വൈസ്പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

അഗ്നിസാക്ഷി (നോവൽ) മൂടുപടത്തിൽ, തകർന്ന തലമുറ, കിളിവാതിലിലൂടെ, കാലത്തിന്റെ ഏടുകൾ, കണ്ണീരിന്റെ പുഞ്ചിരി, അഗ്നിപുഷ്പങ്ങൾ, സത്യത്തിന്റെ സ്വരം, വിശ്വരൂപം, ഇഷ്ടദേവത, പവിത്രമോതിരം, ധീരേന്ദു മജുംദാരുടെ അമ്മ (ചെറുകഥാസമാഹാരങ്ങൾ); ലളിതാഞ്ജലി, ഓണക്കാഴ്ച, ഭാവദീപ്തി, ആയിരത്തിരി (കവിതാസമാഹാരങ്ങൾ) സീത മുതൽ സത്യവതിവരെ (പഠനം)



## കുമാരനാശാൻ


**(1873 – 1924)**

ആധുനിക മഹാകവിത്രയത്തിൽ ഒരാൾ. തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു. പരമ്പരാഗത കാവ്യശൈലിയിൽനിന്നു വ്യത്യസ്തമായ കവനചാതുരി പ്രദർശിപ്പിച്ചുകൊണ്ട് മലയാളകവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിച്ച പ്രതിഭ.

ശ്രീനാരായണഗുരുവിന്റെ അരുമശിഷ്യനായ കുമാരനാശാൻ എസ്. എൻ. ഡി. പി. യോഗം സെക്രട്ടറി എന്ന നിലയിൽ സമൂഹപരിഷ്കരണപ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു. 'വിവേകോദയം' മാസികയുടെ പത്രാധിപരായിരുന്നു. മലയാളത്തിനു പുറമെ സംസ്കൃതം, ബംഗാളി, ഇംഗ്ലീഷ് ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നു. വെയിൽസ് രാജകുമാരനിൽനിന്ന് പട്ടും വളയും ലഭിക്കുകയുണ്ടായി.

*പ്രധാന കൃതികൾ*

വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, ഗ്രാമവൃക്ഷത്തിലെ കുയിൽ (ഖണ്ഡകാവ്യങ്ങൾ); പുഷ്പവാടി, മണിമാല, വനമാല, സ്തോത്രകൃതികൾ (കവിതാസമാഹാരങ്ങൾ); ബാലരാമായണം, ശ്രീബുദ്ധചരിതം (കാവ്യങ്ങൾ); സൗന്ദര്യലഹരി (വിവർത്തനം); വിചിത്രവിജയം, പ്രബോധചന്ദ്രോദയം (നാടകങ്ങൾ)



## ഒ.വി. വിജയൻ

**(1931 – 2005)**

മലയാളകഥാസാഹിത്യത്തിന് നവീനമുഖം നൽകിയ എഴുത്തുകാരൻ എന്ന നിലയിൽ ചിരസ്മരണീയൻ. പാലക്കാട് ജില്ലയിലെ മങ്കരയിൽ ജനിച്ചു. കാർട്ടൂണിസ്റ്റ്, ചിന്തകൻ, കോളമിസ്റ്റ് എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, സഞ്ജയൻ പുരസ്കാരം തുടങ്ങി ഒട്ടനവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ (നോവലുകൾ); ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി, അശാന്തി, ബാലബോധിനി, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ (കഥാസമാഹാരങ്ങൾ); ഘോഷയാത്രയിൽ തനിയെ, ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മയ്ക്കായി, ഇതിഹാസത്തിന്റെ ഇതിഹാസം (ലേഖനങ്ങൾ)

## പദകോശം

### വിശ്വരൂപം

| | |
|---|---|
| അഗാധത | - ആഴം |
| അനുതാപം | - ദുഃഖം |
| കൃശമായ | - മെലിഞ്ഞ |
| പാണികൾ | - കൈകൾ |
| മുഖപ്പ് | - വീടിന്റെ ചെറിയ തളം, പൂമുഖം |
| മുടുക്ക് | - വീതി കുറഞ്ഞ വഴി |
| സാക്ഷ | - തഴുത്, താഴ് |
| സ്നിഗ്ധം | - സ്നേഹമയമായത്, മിനുക്കമുള്ളത് |

### പ്രിയദർശനം

| | |
|---|---|
| അഖിലം | - എല്ലാം |
| അമല | - പരിശുദ്ധ |
| അർഥി | - ആഗ്രഹിക്കുന്ന / യാചിക്കുന്ന ആൾ |
| അയേ | - അല്ലയോ |
| ആഭ | - ശോഭ |
| ആസ്ഥയാൽ | - ആഗ്രഹത്താൽ |
| ഇണ്ടൽ | - ദുഃഖം |
| നിജകർമ്മനീതരായ് | - അവരവരുടെ കർമ്മങ്ങളാൽ നയിക്കപ്പെട്ട് |
| ചാരു | - ഭംഗി |
| ചിരം | - വളരെ |
| തന്വി | - സുന്ദരി |
| ദിഷ്ടം | - ഭാഗ്യം |
| പരിപാടലം | - ആകെ ചുവപ്പായത് |
| പാരം | - ഏറ്റം |
| ഭവൽപ്പദം | - അങ്ങയുടെ സന്നിധി |

### കടൽത്തീരത്ത്

| | |
|---|---|
| അന്ധാളിപ്പ് | - പരിഭ്രമം, അമ്പരപ്പ് |
| ഓതം | - ഈർപ്പം, നനവ് |
| കവാത്ത് | - സൈനികപരിശീലനം |
| കോന്തല | - വസ്ത്രത്തിന്റെ നാലുമൂലകളിൽ ഒന്ന് |
| ഞാത്തി | - തൂക്കിയിട്ടു |
| നിജംവരുത്തി | - തീർച്ചപ്പെടുത്തി |
| നെടുവരമ്പ് | - നീളമുള്ള വരമ്പ് |
| പാഥേയം | - വഴിച്ചോറ് |
| വഷി *(പ്രാദേശികം)* | - വഴി |
| വെങ്ങുക | - പോകുക, അടുക്കുക |
| ശ്രദ്ധാഞ്ജലി | - ബഹുമാനപൂർവമുള്ള തൊഴുകൈ |
| സാന്ത്വനം | - സമാശ്വസിപ്പിക്കൽ |
| സ്ഥായി | - നിലനിൽക്കുന്ന |

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.